2023
MARCH
15
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

# യുഎസ് ബാങ്ക് തകർച്ച: സ്വർണവില ഉയർന്നേക്കും



**കണ്ണൂർ:** അമേരിക്കയിലെ സിലിക്കൺ വാലി, സിഗ്നേച്ചർ ബാങ്കുകളുടെ തകർച്ച സ്വർണവില ഉയരാൻ ഇടയാക്കിയേക്കും. 2008 നു ശേഷമുള്ള ഏറ്റവും വലിയ ബാങ്ക് തകർച്ച വീണ്ടും സുരക്ഷിത നിക്ഷേപമെന്ന നിരക്കിൽ സ്വർണത്തിലേക്കു മാറാൻ നിക്ഷേപകരെ പ്രേരിപ്പിക്കുകയാണ്. രാജ്യാന്തര വിപണിയിൽ ട്രോയ് ഔൺസിന് 1880 ഡോളർ നിലവാരത്തിലായിരുന്ന സ്വർണവില അമേരിക്കൻ വിപണിയിലെ വ്യാപാരാരംഭത്തിൽ തന്നെ 1908 ഡോളറിലേക്ക് ഉയർന്നു.

ഈ വർധന സംസ്ഥാന വിപണിയിലും പ്രതിഫലിച്ചേക്കും. കഴിഞ്ഞ രണ്ടു വ്യാപാര ദിവസങ്ങളിലായി കേരളത്തിൽ പവന് 840 രൂപ ഉയർന്നിരുന്നു. ബാങ്ക് പ്രതിസന്ധി സ്വർണ വിലയെ എത്രയധികം ബാധിക്കുമെന്നതിൽ ഈ ആഴ്ച തന്നെ വ്യക്തത ലഭിച്ചേക്കും. ബാങ്ക് തകർച്ചയുടെ പ്രതിഫലനം ഓഹരി വിപണികളിൽ കൂടുതൽ ഇടിവുകളുണ്ടാക്കിയാൽ സ്വാഭാവികമായും സ്വർണവില വരും ദിവസങ്ങളിലും ഉയരും. ഫെഡറൽ റിസർവിന്റെ തുടർനടപടികളും സ്വർണ വിലയെ ബാധിച്ചേക്കും.

2008 ലെ ബാങ്ക് തകർച്ചയും തുടർന്നുണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധിയും സ്വർണവില വലിയതോതിൽ വർധിക്കാനിടയാക്കിയിരുന്നു. സിലിക്കൺ വാലി ബാങ്കിന്റെ പതനം 2008 ആവർത്തിക്കാൻ ഇടയാക്കില്ലെന്ന വിലയിരുത്തലുകളുണ്ടെങ്കിലും സിഗ്നേച്ചർ ബാങ്ക് കൂടി അടച്ചുപൂട്ടേണ്ടിവന്നത് വിപണിയിലെ ആശങ്ക കൂട്ടുന്നു.

2008 ഒക്ടോബറിൽ ലീമാൻ ബ്രദേഴ്സ് ഇൻവെസ്റ്റ്മെന്റ് ബാങ്ക് തകരുമ്പോൾ രാജ്യാന്തര വിപണിയിൽ ഒരു ട്രോയ് ഔൺസ് സ്വർണത്തിന്റെ വില 700 ഡോളറായിരുന്നു. പ്രതിസന്ധി തുടരുകയും അമേരിക്ക പലിശ നിരക്ക് കുറയ്ക്കുകയും ചെയ്തതോടെ 2011 ആയപ്പോഴേക്കും സ്വർണവില 2.5 മടങ്ങിലേറെ വർധിച്ച് 1900 ഡോളർ കടന്നു.

# 61 ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് എസ്‌വിബിയിൽ നിക്ഷേപം

**കൊച്ചി:** അമേരിക്കയിലെ സിലിക്കൺ വാലിയിൽ പൊളിഞ്ഞ സിലിക്കൺ വാലി ബാങ്കിൽ (എസ്‌വിബി) നിക്ഷേപമുള്ള ഇന്ത്യൻ സ്റ്റാർട്ടപ് കമ്പനികൾ 61. കേരളത്തിൽ നിന്നുള്ള കമ്പനികൾക്കും വിദേശ ഫണ്ടിങ് ലഭിച്ച വകയിൽ എസ്‌വിബി നിക്ഷേപമുണ്ട്. എന്നാൽ, ആശങ്ക വേണ്ടെന്നും ഇൻഷുറൻസ് ഉണ്ടെങ്കിലും ഇല്ലെങ്കിലും മുഴുവൻ പണവും തിരികെ കിട്ടുമെന്നും യുഎസ് ഫെഡറൽ റിസർവും യുഎസ് ട്രഷറിയും ഉറപ്പ് നൽകിയിട്ടുണ്ട്.അമേരിക്കൻ വെഞ്ച്വർ കമ്പനികളുടെ ഫണ്ടിങ് ലഭിച്ച സ്റ്റാർട്ടപ്പുകൾ അവിടെ ബാങ്കിൽ പണം സൂക്ഷിക്കുകയും ആവശ്യാനുസരണം മാത്രം ഇന്ത്യയിലേക്കു കൊണ്ടുവരികയും ചെയ്തിരുന്നു. മാത്രമല്ല എസ്‌വിബിയിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടെങ്കിൽ മറ്റ് ഇടപാടുകളെല്ലാം ആ ബാങ്ക് വഴി തന്നെ നടത്തിയിരുന്നു. അങ്ങനെയാണ് കമ്പനികളുടെ പണമെല്ലാം അതേ ബാങ്കിലേക്കു ചെന്നത്.

സിലിക്കൺ വാലിയിലെ സ്റ്റാർട്ടപ്പുകൾക്കു വേണ്ടി നിലകൊണ്ട ബാങ്ക് ആയിരുന്നു എസ്‌വിബി. ചെറുപ്പക്കാരുടെ ചെറിയ കമ്പനികൾക്ക് അവരുടെ ആശയങ്ങളുടെ പേരിൽ വലിയ മൂല്യവും (വാല്യുവേഷൻ) വൻ ഫണ്ടിങ്ങും ലഭിച്ചിരുന്നു. 2021ലാണ് ഏറ്റവും കൂടുതൽ തുക ഈ രീതിയിൽ ലഭിച്ചത്. പ്രവർത്തന ചെലവിനെക്കാൾ കൂടുതൽ ലഭിച്ച പണം അവർ ബാങ്കിലിട്ടു.

ഇങ്ങനെ പണം കുമിഞ്ഞപ്പോൾ കാഷ് റിസർവ് വളരെ കുറച്ച ശേഷം ബാക്കി തുക മുഴുവൻ ബാങ്ക് കടപ്പത്രങ്ങളിൽ മുടക്കി. പണപ്പെരുപ്പം വരികയും ഫെ!!!ഡറൽ റിസർവ് പലിശ നിരക്കുകൾ കൂട്ടുകയും ചെയ്തപ്പോൾ കടപ്പത്രങ്ങളുടെ പലിശ അതിലും കുറവായി. ഫണ്ടിങ് കുറഞ്ഞപ്പോൾ സ്റ്റാർട്ടപ്പുകൾ ചെലവുകൾക്കായി പണം പിൻവലിക്കാൻ തുടങ്ങി. ലിക്വിഡിറ്റിക്കായി കടപ്പത്രങ്ങളെല്ലാം ബാങ്ക് വിറ്റൊഴിച്ചു. നഷ്ടം 180 കോടി ഡോളർ. മൂലധനത്തിൽ കുറവു വന്നതിനാൽ ഓഹരി വിറ്റ് 200 കോടി ഡോളർ സമാഹരിക്കാൻ ബാങ്ക് ശ്രമിച്ചപ്പോഴാണ് അപകടം മണത്ത് സ്റ്റാർട്ടപ്പുകൾ പണം പിൻവലിക്കാൻ തുടങ്ങിയും ബാങ്ക് റൺ സംഭവിച്ചതും.

ബാങ്ക് ലിക്വിഡേറ്റ് ചെയ്താൽ എല്ലാ നിക്ഷേപകർക്കും തവണകളായി നിക്ഷേപം തിരികെ കിട്ടും. മറ്റേതെങ്കിലും ബാങ്ക് എസ്‌വിബിയെ ഏറ്റെടുത്താൽ മുഴുവൻ നിക്ഷേപവും സുരക്ഷിതമാകും. വേണ്ടവർക്ക് പിൻവലിക്കുകയും ചെയ്യാം.

## മെറ്റ 10,000 പേരെക്കൂടി പിരിച്ചുവിടുന്നു

**കലിഫോർണിയ:** സമൂഹമാധ്യമങ്ങളായ ഫെയ്സ്ബുക്, ഇൻസ്റ്റഗ്രാം തുടങ്ങിയവയുടെ മാതൃ കമ്പനിയായ മെറ്റ വീണ്ടും ജീവനക്കാരെ പിരിച്ചുവിടാനൊരുങ്ങുന്നു. ഇത്തവണ 10,000 പേർക്കാണ് ജോലി നഷ്ടമാകുക. നവംബറിൽ മെറ്റ 11,000 പേരെ പിരിച്ചുവിട്ടത്. ഇതു രണ്ടാം റൗണ്ട് പിരിച്ചുവിടലാണ്.

ടീമിന്റെ വലുപ്പം ചുരുക്കാനായി 10,000 പേരെ പിരിച്ചുവിടുകയാണെന്നും 5000ൽപ്പരം ഒഴിവുകളിലേക്ക് ഇനി നിയമനങ്ങൾ സ്വീകരിക്കുന്നില്ലെന്നും മെറ്റ തലവൻ മാർക്ക് സക്കർബർഗ് ജീവനക്കാർക്ക് അയച്ച സന്ദേശത്തിൽ വ്യക്തമാക്കി. ഈ സാമ്പത്തിക യാഥാർഥ്യം വളരെ വർഷങ്ങൾ തുടരുമെന്നും അതിനായി തയാറായി ഇരിക്കണമെന്നും സക്കർബർഗ് അറിയിച്ചു.

# ചെത്തുന്ന തെങ്ങുകൾക്കു ജിയോ ടാഗിങ്: അബ്കാരി ചട്ടം ഭേദഗതി ചെയ്യും



**തിരുവനന്തപുരം:** കള്ളിലെ കള്ളം പൊളിക്കാൻ ചെത്തുതെങ്ങുകൾക്കു ജിയോ ടാഗിങ് ഏർപ്പെടുത്തുന്നതിനുള്ള തടസ്സം നീങ്ങുന്നു. ഇതിനായി അബ്കാരി ചട്ടം ഭേദഗതി ചെയ്യും. കരടു ചട്ടം എക്സൈസ് വകുപ്പ് തയാറാക്കി സർക്കാരിനു സമർപ്പിച്ചു. ജിയോ ടാഗിങ് ഉപയോഗപ്പെടുത്തിയുള്ള 'ട്രാക്ക് ആൻഡ് ട്രേസ്' സംവിധാനം കഴിഞ്ഞ മദ്യനയത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും നിയമപിൻബലം ഇല്ലാതിരുന്നതിനാൽ നടപ്പാക്കാനായിരുന്നില്ല. ചട്ടം ഭേദഗതി ചെയ്യുന്നതോടെ അടുത്ത സാമ്പത്തിക വർഷം നടപ്പാക്കാനാകും. പുതിയ മദ്യനയത്തിലും ഇതുൾപ്പെടുത്തും.

ജിയോ ടാഗിങ്ങിനു വേണ്ടി ഡിജിറ്റൽ സർവകലാശാലയുടെ സഹകരണത്തോടെയാണ് എക്സൈസ് വകുപ്പ് മൊബൈൽ ആപ്ലിക്കേഷൻ തയാറാക്കുന്നത്. ആപ്ലിക്കേഷൻ അന്തിമമായിട്ടില്ലെങ്കിലും ഏകദേശ രൂപം വകുപ്പിനു മുൻപിൽ അവതരിപ്പിച്ചു. ചെത്തുന്ന തെങ്ങുകളുടെയെല്ലാം ഡേറ്റ ആപ്പിൽ അപ്‌ലോഡ് ചെയ്യും. ലൈസൻസിയുടെ തെങ്ങിൻതോട്ടം, തോട്ടത്തിൽ ചെത്തുന്ന തെങ്ങുകൾ, ആകെ കള്ളുൽപാദനം എന്നിവയെല്ലാം ആപ്ലിക്കേഷന്റെ ഭാഗമാകും. ഓരോ തെങ്ങിനും ഏകീകൃത തിരിച്ചറിയൽ നമ്പറുണ്ടാകും. തെങ്ങിന്റെ ചുവട്ടിൽനിന്ന് മൊബൈൽ ആപ്ലിക്കേഷനിൽ ക്ലിക്ക് ചെയ്താൽ തെങ്ങിനെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും ലഭിക്കും.

കേരളത്തിൽ ഏറ്റവുമധികം കള്ളു ചെത്തുന്ന പാലക്കാട് ചിറ്റൂർ റേഞ്ചിലെ തെങ്ങുകളെയാണ് ആദ്യം ആപ്പിൽ കയറ്റുക. ഏതെങ്കിലും ഉദ്യോഗസ്ഥനു പരിശോധന നടത്തണമെങ്കിൽ തെങ്ങിന്റെ ചുവട്ടിലെത്തി ആപ്ലിക്കേഷൻ തുറന്നാൽ മതി, ഏതു ലൈസൻസിയുടെ തെങ്ങാണെന്നും ചെത്തുന്നതാണോ എന്നുമെല്ലാം അറിയാനാകും. ഓരോ ആറുമാസവും എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടെത്തിയാണു ചെത്തുന്ന തെങ്ങുകൾ അടയാളപ്പെടുത്തുന്നത്. ഇനി അതാവശ്യമില്ല.

വൃക്ഷക്കരം ഈടാക്കലും സുഗമമാകും. കേരളത്തിലെ കള്ളുൽപാദനം കുറവും വിൽപന കൂടുതലുമാണ്. പുറത്തുനിന്നുള്ള കള്ളും വ്യാജനുമാണു കാരണം. ഇതിന് ഒരു പരിധിവരെ തടയിടാനും കഴിയും.


കള്ളു ഷാപ്പ് ലേലം ഓൺലൈനാക്കുന്നതാണ് അടുത്ത മദ്യനയത്തിലെ മറ്റൊരു പുതിയ പരിഷ്കാരം.



# കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുടെ പ്രഖ്യാപനത്തിൽ ദേശീയപാത 766 ന് വലിയ പ്രതീക്ഷ

**ബത്തേരി:** കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുടെ പ്രഖ്യാപനത്തിൽ ദേശീയപാത 766 ന് വലിയ പ്രതീക്ഷ. ഒപ്പം വയനാടിനും. ബെംഗളൂരു മൈസൂരു 10 വരി എക്സ്പ്രസ് വേയുമായി ബത്തേരി, കോയമ്പത്തൂർ എന്നീ നഗരങ്ങളെ കൂടുതൽ യാത്രാ സൗകര്യങ്ങളോടെ ബന്ധിപ്പിക്കും എന്നാണ് അദ്ദേഹം പറഞ്ഞത്. ബെംഗളൂരു മൈസൂരു പാത പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ച ചടങ്ങിലായിരുന്നു കഴിഞ്ഞ ദിവസം ഗഡ്കരിയുടെ ഈ പ്രഖ്യാപനം.

ബത്തേരിയുടെ പേരെടുത്തു പറഞ്ഞുള്ള പരാമർശമാണ് കോഴിക്കോടു നിന്ന് ബത്തേരി മൈസൂരു വഴി കൊല്ലെഗലയിലേക്ക് പോകുന്ന ദേശീയപാത 766ന് വലിയ പ്രതീക്ഷയാകുന്നത്. ഒപ്പം കഴിഞ്ഞ 14 വർഷത്തോളമായി തുടരുന്ന രാത്രിയാത്രാ നിരോധനത്തിനും. സത്യമംഗലം വഴി കോയമ്പത്തൂരുമായും എക്സ്പ്രസ് വേ വഴി ബന്ധം സ്ഥാപിക്കുമെന്ന പ്രഖ്യാപനവും ഫലത്തിൽ എൻ എച്ച് 766ന് അനുഗ്രഹമാകും. എന്നാൽ രാത്രിയാത്രാ നിരോധനം നിലനിൽക്കുമ്പോൾ അതിനെ മറികടക്കുന്നത് ഏതു വിധത്തിലാകുമെന്നാണ് ചർച്ചയാകുന്നത്.



മധ്യപ്രദേശിലെ പെൻച് കടുവാ സങ്കേതത്തിന് കുറുകെ 37 കിലോമീറ്റർ നീളത്തിൽ എലിവേറ്റഡ് ഹൈവേ യാഥാർഥ്യമാക്കിയത് (മധ്യപ്രദേശിലെ സിയോണിയിൽ നിന്ന് മഹാരാഷ്ട്രയിലെ നാഗ്പൂരിലേക്ക്) അടുത്തിടെയാണ്. വലിയ വിജയമായ ഈ മാതൃക കൃത്യമായി ബോധിപ്പിക്കാനായാൽ കേന്ദ്രം പച്ചക്കൊടി കാട്ടിയേക്കും. കടുവാ സങ്കേതങ്ങളിൽ കൂടി പുതിയ പാതകളോ ബദൽ പാതകളോ വികസിപ്പിക്കുന്നതിലും വന്യജീവി സൗഹൃദമാവുക നിലവിലുള്ള പാതയെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള മേൽപാല പദ്ധതിയാകും. നാറ്റ് പാക് നിർദേശിച്ചതും ഏറ്റവും കുറവ് വന മേഖലയുള്ളതുമായ വള്ളുവാടി ചിക്കബർഗി പാതയും എലിവേറ്റഡ് ഹൈവേയ്ക്ക് അനുയോജ്യമാണ്. ഇത്തരമൊരു പാത വന്നു കഴിഞ്ഞാൽ കോഴിക്കോടും ബെംഗളൂരുവും തമ്മിലുള്ള യാത്രാ സമയം ഗണ്യമായി കുറയും. വിദഗ്ധരെയും ജനപ്രതിനിധികളെയും പരിസ്ഥിതി പ്രവർത്തകരെയും ഉൾപ്പെടുത്തി യോഗം ചേർന്ന് റിപ്പോർട്ട് തയാറാക്കുകയും അത് കേന്ദ്ര കർണാടക സർക്കാരുകളെ കൃത്യമായി ബോധിപ്പിക്കുകയും ചെയ്താൽ പ്രതീക്ഷയുടെ വഴി തുറക്കലാകും അത്.

ദേശീയപാത 766ൽ കർണാടകയിലെ ബന്ദിപ്പൂർ വനമേഖലയിൽ നിലനിൽക്കുന്ന രാത്രിയാത്രാ നിരോധനത്തിന് പരിഹാരം കാണുന്നതിന് 2018 ൽ ഉപരിതല ഗതാഗത മന്ത്രാലയം നിർദേശിച്ച മേൽപാല പദ്ധതിയ്ക്ക് അന്നത്തെ ബജറ്റിൽ കേരളം 250 കോടി രൂപ വകയിരുത്തിയിരുന്നു. കേന്ദ്രം പകുതി ചെലവ് വഹിക്കാമെന്ന ഉറപ്പിലായിരുന്നു അത്. 5 മേൽപ്പാലങ്ങളും ഉരുക്കുവേലികളും ഉൾപ്പെടുന്നതായിരുന്നു പദ്ധതി. അന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറിയായിരുന്ന വൈ.എസ്. മാലിക് ചെയർമാനായ വിദഗ്ധ സമിതിയാണ് പദ്ധതിയ്ക്ക് രൂപം നൽകിയതെങ്കിലും പിന്നീടു നടന്ന വിവിധ വകുപ്പുകളുടെ സെക്രട്ടറിതല യോഗത്തിൽ മേൽപാല പദ്ധതി പ്രായോഗികമല്ലെന്ന് മാലിക് മാറ്റിപ്പറഞ്ഞു. കർണാടകയും ഈ പദ്ധതിയെ എതിർക്കുന്നതായാണ് സംസ്ഥാന സർക്കാർ പറയുന്നതെങ്കിലും വിശദമായ ചർച്ചകൾ ഈ വിഷയത്തിൽ നടന്നിട്ടില്ല.

2009 ജൂലൈ 27 മുതലാണ് ദേശീയപാത 766 ൽ രാത്രിയാത്രാ നിരോധനം പൂർണ തോതിൽ നിലവിൽ വന്നത്. രാത്രിഗതാഗതം വന്യജീവികളുടെ സ്വൈര്യവിഹാരത്തിന് തടസ്സമാകുന്നുവെന്നും നിരോധിക്കണമെന്നും ആവശ്യപ്പെട്ട് 2009 ജനുവരി 23 ന് ബന്ദിപ്പൂർ പ്രൊജക്ട് ടൈഗർ കൺസർവേറ്റർ ചാമരാജ് കലക്ടർക്ക് കത്തു നൽകിയതാണ് വഴിയടയ്ക്കലിന്റെ തുടക്കം.2009 ജൂൺ 14 മുതൽ രാത്രിയാത്ര നിരോധിക്കുന്നതായി അതേ വർഷം ജൂൺ 7ന് കലക്ടർ ഉത്തരവിട്ടു.പി. കൃഷ്ണ പ്രസാദ് എംഎൽഎയുടെ ഇടപെടലിൽ സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെ തുടർന്ന് 2009 ജൂൺ 10ന് നിരോധനം പിൻവലിച്ചു.പരിസ്ഥിതി പ്രവർത്തകൻ ശ്രീനിവാസ ബാബു കർണാടക ഹൈക്കോടതിയിൽ അതിനെ ചോദ്യം ചെയ്തതോടെ പാതയ്ക്കു മീതെ വീണ്ടും കരിനിഴലായി. ഒടുവിൽ 2009 ജൂലൈ 27 മുതൽ രാത്രിയാത്ര നിരോധിച്ചതായി കോടതി ഉത്തരവിട്ടു. രാത്രി 9 മുതൽ രാവിലെ 6 വരെയാണ് കേരള അതിർത്തിയായ പൊൻകുഴി മൂലെഹൊളെയിൽ നിന്ന് ഗുണ്ടൽപേട്ടിലെ മദ്ദൂർ വരെ 19 കിലോമീറ്റർ നീളുന്ന രാത്രിയാത്രാ നിരോധനം.

## അനൗപചാരിക വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗം

അനൗപചാരിക വിദ്യാഭ്യാസത്തെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തന്നെയാണു സർക്കാർ കാണുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുവിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ നിലനിൽക്കണമെങ്കിൽ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ വൈജ്ഞാനികവും സാംസ്കാരികവുമായ അവബോധം സമൂഹത്തിൽ വളർത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പാക്കുന്ന ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

സാക്ഷരതയ്ക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞാണ് എല്ലാവരേയും സാക്ഷരതയിലേക്കും അവിടെനിന്ന് വിജ്ഞാന സാക്ഷരതയിലേക്കും നയിക്കുകയെന്ന ലക്ഷ്യത്തോടെ നാടിനു മുന്നേറാൻ കഴിയുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. ഗ്രന്ഥശാലകൾ, വായനശാലകൾ, സംവാദാത്മകമായ മറ്റു കൂട്ടായ്മകൾ തുടങ്ങിയവയെല്ലാം അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള ഉപാധികളാണ്.

ആ നിലയ്ക്ക് സംസ്ഥാന സാക്ഷരതാ മിഷൻ ഒരു അനൗപചാരിക സർവകലാശാലയെന്ന നിലയിലുള്ള പ്രവർത്തനമാണു നടത്തുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാമിന്റെ ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് നിരക്ഷരരായി അവശേഷിക്കുന്ന 15 വയസിനു മുകളിലുള്ള സ്ത്രീകൾ, പെൺകുട്ടികൾ, പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങൾ, ഇതര പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ ക്വിയർ വിഭാഗങ്ങൾ, എന്നിവരിൽനിന്നു നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുകയും തുടർവിദ്യാഭ്യാസം നൽകുകയും ചെയ്യും.

## എഴുപതോളം വള്ളങ്ങളും കട്ടമരങ്ങളും കത്തി നശിച്ചു; ഫോറൻസിക് സംഘം പരിശോധന നടത്തി

**വിഴിഞ്ഞം:** മത്സ്യബന്ധനവള്ളങ്ങൾ കത്തി നശിച്ച വിഴിഞ്ഞം വലിയ കടപ്പുറത്ത് ഫോറൻസിക് വിഭാഗം പരിശോധന നടത്തി തെളിവുകൾ ശേഖരിച്ചു. കഴിഞ്ഞ ഒന്പതിനാണ് കടപ്പുറത്തിന് സമീപത്തെ കുറ്റിക്കാടുകളിൽ പടർന്ന തീ അറ്റകുറ്റപ്പണികൾക്കായി കൂട്ടിയിട്ടിരുന്ന വള്ളങ്ങളിലേക്ക് പടർന്ന് പിടിച്ചത്.

എഴുപതോളം വള്ളങ്ങളും കട്ടമരങ്ങളും കത്തി നശിച്ചതായി വിഴിഞ്ഞം ഇടവക ഭാരവാഹികൾ വിഴിഞ്ഞം പോലീസിന് നൽകിയ പരാതിയിൽ പറയുന്നു. തുറമുഖ നിർമാണ മേഖലക്ക് സമീപത്തെ കുറ്റിക്കാടുകളിൽ നിന്നുള്ള തീപിടിക്കലിൽ സംശയ മുള്ളതായി മത്സ്യത്തൊഴിലാളികൾ അറിയിച്ചിരുന്നു.

ഇതിൻറെ അടിസ്ഥാനത്തിലാണ് ഇന്നലെ ഫോറൻസിക് വിഭാഗം എത്തി തെളിവ് ശേഖരിച്ചത്.വള്ളങ്ങൾ നഷ്ടപ്പെട്ടവരോട് രേഖകൾ എത്രയും വേഗം ഹാജരാക്കണമെന്ന് വിഴിഞ്ഞം പോലീസ് അറിയിച്ചു.



## ചിറങ്ങര റെയിൽവേ മേൽപാലം: നിർമാണം മുടങ്ങിയിട്ട് 3 മാസം

**കൊരട്ടി:** മാർച്ചിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന ചിറങ്ങര റെയിൽവേ മേൽപാലത്തിന്റെ നിർമാണം മുടങ്ങിയിട്ട് 3 മാസം പിന്നിടുന്നു. ഒപ്പം നിർമാണമാരംഭിച്ച മേൽപാലങ്ങളുടെ നിർമാണം ഇഴഞ്ഞുനീങ്ങിയപ്പോഴും ഇവിടെ തടസ്സങ്ങളുണ്ടായിരുന്നില്ല. റെയിൽവേ ട്രാക്കിനു മുകളിലുള്ള ജോലികൾ മാത്രം ബാക്കി നിൽക്കെയാണ് ഡിസംബറിൽ നിർമാണം നിർത്തിവച്ചത്. ഫണ്ട് ലഭ്യമല്ലാത്തതാണ് കാരണമായി പറയപ്പെടുന്നത്.

ഡിസംബർ മൂന്നാം ആഴ്ചയിലാണ് റെയിൽവേ ട്രാക്കിനു മുകളിലുള്ള ജോലികൾ മാത്രം ബാക്കി നിൽക്കെ നിർമാണം നിർത്തി വച്ചത്. ഫണ്ട് ലഭ്യമല്ലാത്തതാണ് നിർമാണം വൈകുന്നതിനുള്ള കാരണമെന്നാണ് പറയപ്പെടുന്നത്. ട്രാക്കിനു മുകളിലൂടെയുള്ള നിർമാണ പ്രവൃത്തികൾക്കായി ട്രെയിനുകളുടെ വേഗം കുറയ്ക്കുന്നതിനടക്കമുള്ള അനുമതിയും ലഭിച്ചതായാണ് കരുതപ്പെടുന്നത്. 12 പില്ലറുകളാണ് ട്രാക്കിന്റെ ഇരുഭാഗത്തുമായി നിർമിക്കാനുള്ളത്. ഇതിനായി 11 പൈലിങ് പൂർത്തീകരിക്കേണ്ടതുണ്ട്. എസ്പിഎൽ ഇൻഫ്രാസ്ട്രക്ചർ കമ്പനിക്കാണ് കരാർ ചുമതല. എന്നാൽ ട്രാക്കിനു മുകളിലുള്ള പ്രവൃത്തികളുടെ ചുമതല റെയിൽവേയ്ക്കാണ്.

## തൊഴിലുറപ്പ് പദ്ധതിയിൽ ദുർവിനിയോഗം

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അവണ്ണൂർ ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ദുർവിനിയോഗം ചെയ്ത തുക തിരിച്ചുപിടിക്കുന്നതിനും ക്രമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കാരണക്കാരായ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാനും ജില്ലാ ഓംബുഡ്സ്മാൻ ഉത്തരവിട്ടു.

2020 2021 സാമ്പത്തിക വർഷത്തിൽ പതിമൂന്നാം വാർഡിൽ നടപ്പിലാക്കിയ 'കണ്ടംകുളം പുനരുദ്ധാരണം' എന്ന പ്രവൃത്തിയിലാണ് തുക ദുർവിനിയോഗം കണ്ടെത്തിയത്. ഈ പ്രവൃത്തിക്കായി വിതരണം ചെയ്ത അഞ്ച് മസ്റ്റർ റോളുകൾ പ്രകാരം 13 തൊഴിലാളികളുടെ വ്യാജ ഒപ്പ് ചാർത്തി തൊഴിൽ ചെയ്യാത്ത 13 പേരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 30 ദിവസത്തെ കൂലിയായി 1,13,490 രൂപ നൽകിയതായി കണ്ടെത്തിയിരുന്നു. ചെയ്യാത്ത പ്രവൃത്തിയുടെ പേരിൽ 3500 രൂപയും പണിയായുധ വാടകയിനത്തിൽ 2058 രൂപയും ചെലവിട്ടതായും കണ്ടെത്തി. ആകെ ദുർവിനിയോഗം ചെയ്ത 1,19,048 രൂപ അവണ്ണൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി എം ജയൻ, അസിസ്റ്റന്റ് സെക്രട്ടറി എൻ പി വിനു, ഹെഡ് ക്ലാർക്ക് എ കെ ലളിത, കരാർ ജീവനക്കാരായ അക്രഡിറ്റഡ് എഞ്ചിനീയർ എം ആർ പ്രീതി, ഓവർസീയർ കെ എസ് ബിന്ദു, അക്കൗണ്ടന്റ് കം ഐ.ടി അസിസ്റ്റന്റ് എ ജി സംഗീത), സ്പിൽ ഓവർ പ്രവൃത്തിയുടെ വർക്കിംഗ് മേറ്റായിരുന്ന സി വൈ ജാക്സൺ എന്നിവരോട് തിരിച്ചടയ്ക്കാൻ ജില്ലാ ഓംബുഡ്സ്മാൻ അഡ്വ.വി അബ്ദുൾ അസീസ് ആഗസ്റ്റ് 26ന് ഉത്തരവിട്ടിരുന്നു.

ഉത്തരവിനെതിരെ നൽകിയ അപ്പീൽ അപ്പലേറ്റ് അതോറിട്ടി തള്ളിക്കളയുകയും ദുർവിനിയോഗം ചെയ്ത തുക കൈമാറിയ തീയ്യതി മുതൽ തിരിച്ചടക്കുന്ന തീയ്യതി വരെ 12 ശതമാനം പലിശയടക്കം തിരിച്ചടയ്ക്കുന്നതിനും ക്രമവിരുദ്ധ നടപടിക്ക് കാരണക്കാരായ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ജില്ലാ ഓംബുഡ്സ്മാൻ അഡ്വ.വി അബ്ദുൾ അസീസ് ഉത്തരവിട്ടു.

# ഞെളിയൻപറമ്പ് മാലിന്യ കേന്ദ്രം; കർശന സുരക്ഷയ്ക്ക് നിർദേശം



**കോഴിക്കോട്:** ഞെളിയൻപറമ്പ് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ അടിയന്തര സുരക്ഷ ഉറപ്പുവരുത്തണമെന്ന് ദുരന്ത നിവാരണ അതോറിറ്റി. മാലിന്യ കൂമ്പാരത്തിന്റെ ഉയരം 6 മീറ്ററിൽ താഴെയാക്കണമെന്നു കോർപറേഷൻ സെക്രട്ടറിക്കു നിർദേശം നൽകി. കഴിഞ്ഞയാഴ്ചയുണ്ടായ തീപിടിത്തത്തിന്റെ സാഹചര്യത്തിലും ചൂടു കൂടുന്നതു പരിഗണിച്ചുമാണ് അടിയന്തര നടപടികൾക്ക് കോർപറേഷനും പൊലീസിനും അഗ്നിശമന സേനയ്ക്കും ഉത്തരവു നൽകിയത്. മാലിന്യ കൂമ്പാരങ്ങൾ തമ്മിൽ കുറഞ്ഞതു മൂന്നര മീറ്റർ വീതിയിൽ അകലം വേണം. 2 മാലിന്യ കൂമ്പാരങ്ങൾക്കിടയിൽ 5 മീറ്റർ വീതിയിൽ അകലം വേണം.

പ്ലാന്റിനു ചുറ്റും 5 മീറ്റർ വീതിയിൽ അഗ്നിശമന സേനയ്ക്കു വാഹനം കടന്നു ചെല്ലാൻ സൗകര്യമൊരുക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. അപരിചിതർ പ്ലാന്റിൽ കടക്കുന്നതു തടയണമെന്നും ഉത്തരവിൽ പറയുന്നു. തീപിടിത്തമുണ്ടായാൽ പെട്ടെന്നു തന്നെ കെടുത്താനുള്ള സംവിധാനം ഒരുക്കണം. പൊലീസ് ഇവിടെ സ്ഥിരം പരിശോധന നടത്തണം. മുൻകരുതൽ കൃത്യമായി പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ അഗ്നിശമന സേനയോടും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം ചർച്ച ചെയ്യാനായി മേയർ ഇന്നു രാവിലെ യോഗം വിളിച്ചിട്ടുണ്ട്.

മാലിന്യ കേന്ദ്രത്തിലെ സോൻട ഇൻഫ്രാടെക് കമ്പനിയുടെ പ്രവൃത്തിയെ കുറിച്ചു മേയറുടെ നേതൃത്വത്തിൽ സർവകക്ഷി സംഘം പരിശോധന നടത്തണമെന്നു യുഡിഎഫ് കൗൺസിൽ പാർട്ടി ആവശ്യപ്പെട്ടു. കരാർ ലംഘിച്ച് കമ്പനിക്ക് ബയോമൈനിങ് തുക അനുവദിക്കരുത്. വൻകിട പ്ലാന്റ് നിർമിക്കാനുള്ള പ്രാപ്തി കമ്പനിക്ക് ഇല്ല. അതിനാൽ കരാർ റദ്ദാക്കണമെന്നും കെ.സി.ശോഭിത, കെ.മൊയ്തീൻ കോയ എന്നിവർ നൽകിയ കത്തിൽ ആവശ്യപ്പെട്ടു.

കോർപറേഷനിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു ബ്രഹ്മപുരത്തെ വിവാദ കമ്പനിക്കു നൽകിയ കരാറുകൾ റദ്ദാക്കണമെന്നു കോൺഗ്രസ്. ഞെളിയൻപറമ്പ് മറ്റൊരു ബ്രഹ്മപുരമാകാൻ അനുവദിക്കരുതെന്നും ഡിസിസി പ്രസിഡന്റ് കെ.പ്രവീൺകുമാർ ആവശ്യപ്പെട്ടു. ഞെളിയൻപറമ്പിലെ മാലിന്യം വേർതിരിച്ചു സംസ്കരിക്കാൻ 7.75 കോടി രൂപയുടെ കരാറും മാലിന്യ പ്ലാന്റ് നിർമിക്കാൻ 250 കോടി രൂപയുടെ കരാറുമാണു ബ്രഹ്മപുരത്തെ വിവാദ കമ്പനിയായ സോൻട ഇൻഫ്രാടെക്കിന് നൽകിയത്.

മാലിന്യ പ്ലാന്റിന്റെ നിർമാണത്തിനായി 12.67 ഏക്കർ ഭൂമി 28 വർഷത്തേക്കു പാട്ടത്തിനു നൽകിയതിനു പുറമേ ഭൂമി പണയം വയ്ക്കാനുള്ള അധികാരവും കമ്പനിക്കു നൽകി. ഭൂമി പണയം വച്ച് എടുക്കുന്ന വായ്പ കമ്പനി തിരിച്ചടച്ചില്ലെങ്കിൽ ബാധ്യത ആരാണ് ഏറ്റെടുക്കുക. മാലിന്യനീക്കം തുടങ്ങുന്നതിനു മുൻപേ കമ്പനിക്ക് 1.23 കോടി കോർപറേഷൻ അനുവദിച്ചു. കമ്പനിയിൽ ഉന്നത സിപിഎം നേതാവിന്റെ കുടുംബാംഗങ്ങൾ ഡയറക്ടർമാരാണ് എന്നതു കരാറിൽ സിപിഎമ്മിന്റെ പങ്കു വ്യക്തമാക്കുന്നു.

ബ്രഹ്മപുരം തീപിടിത്തത്തിൽ നിന്നു സർക്കാരും കോർപറേഷനും പാഠം ഉൾക്കൊള്ളണം. കൊച്ചി നിവാസികൾക്കു ശുദ്ധവായു ലഭിക്കാത്ത സാഹചര്യം സൃഷ്ടിച്ച കമ്പനിയുമായി ഉണ്ടാക്കിയ കരാറുകൾ റദ്ദാക്കുകയും അനുവദിച്ച പണം തിരിച്ചുപിടിക്കുകയും വേണം. ഇല്ലെങ്കിൽ കോൺഗ്രസ് ശക്തമായ പ്രക്ഷോഭം നടത്തുമെന്നും കെ.പ്രവീൺകുമാർ പറഞ്ഞു.

കോഴിക്കോട് ന്മത്തിലാണ് പ്രദേശവാസികളെന്നു ബിജെപി ജില്ലാ പ്രസിഡന്റ് വി.കെ.സജീവൻ പറഞ്ഞു. അവിടെ എന്തോ മറയ്ക്കാനുള്ളതുകൊണ്ടാണ് ബിജെപി കൗൺസിലർമാരെ പൂട്ടിയിട്ടതെന്നും സജീവൻ പറഞ്ഞു. ഞെളിയൻപറമ്പിലെ കരാർ ഏറ്റെടുത്ത് 4 വർഷമായിട്ടും കമ്പനി ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ബ്രഹ്മപുരത്തു ചെയ്തതു പോലെ ഇവിടെയും കാലാവധി നീട്ടി ചോദിച്ചിരിക്കുകയാണ്.

## കാരാപ്പുഴ ഡാമിലെ വെള്ളം കൃഷിയിടത്തിലേക്ക്

**അമ്പലവയൽ:** കാരാപ്പുഴ ഡാമിലെ വെള്ളം 25 കിലോ മീറ്റർ ദൂരം വരെയുള്ള കൃഷിയിടത്തിലേക്ക്, ഇന്ന് ട്രയൽ റൺ, നാളെ മുതൽ തുടർച്ചയായി വെള്ളം വിതരണം. ഡാമിൽ നിന്നുള്ള ഇടതുകര, വലതുകര കനാലുകൾ വഴിയാണ് ജലവിതരണം. ഇതോടെ കടുത്ത വേനലിൽ കൂടുതൽ കൃഷിയിടങ്ങളിലും പാടശേഖര സമിതികൾക്കും കൂടുതൽ വെള്ളം ലഭ്യമാകും. ഡാമിന്റെ ജലവിതരണം ആരംഭിച്ചതിന് ശേഷം ഇത്രയും ദൂരം വെള്ളം എത്തിക്കുന്നത് ആദ്യമായാണ്. ഇടതുകര കനാൽ വഴി 16. 74 കിലോ മീറ്ററും വലതുകര വഴി 8. 805 കിലോ മീറ്റർ



ദൂരവുമാണ് വെള്ളം എത്തുക. ഇടതുകര വഴി മടക്കിമല, കമ്പളക്കാട് വരെയുള്ള പ്രദേശങ്ങളിൽ വെള്ളമെത്തും. വലതുകര വഴി മീനങ്ങാടി, ചെണ്ടക്കുനി ഭാഗങ്ങളിൽ വരെയുള്ള ജലവിതരമുണ്ടാകും.

ഇതിൽ വലതുകര വഴിയുള്ള ജലവിതരണം കഴിഞ്ഞ 6 മുതൽ ആരംഭിച്ചിരുന്നു. പിന്നാലെയാണ് ഇടതുകര കൂടി ഇന്ന് മുതൽ തുറക്കുന്നത്. പ്രളയത്തിൽ തകർന്നതടക്കമുള്ള കനാലുകളുടെ അറ്റുകുറ്റ പണികളെല്ലാം നേരത്തെ പൂർത്തിയാക്കിയിരുന്നു. കഴിഞ്ഞ മാസം കർഷകരുടെയും പാടശേഖര സമിതി പ്രതിനിധികളുടെയും യോഗം ജലസേചന വകുപ്പ് അധികൃതർ വിളിച്ച് ചേർത്തിരുന്നു. അടുത്ത വർഷം മുതൽ മാർച്ച് മാസം ആകുന്നതിന് മുൻപ് തന്നെ ജലവിതരണം ആരംഭിക്കും. വേനൽ തുടക്കത്തിൽ തന്നെ കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തും. ജലവിതരണം ഇന്ന് മുതൽ ആരംഭിക്കുന്നതിനാൽ കനാലിനോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന നിർദേശം ബന്ധപ്പെട്ട അധികൃതർ നൽകിയിട്ടുണ്ട്.

## മാലിന്യം വലിച്ചെറിഞ്ഞാൽ കടുത്ത നടപടി

മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ കടുത്ത നിയമ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ ഷീബ ജോർജ്. ഇരട്ടയാർ ഡാമിൽ കക്കൂസ് മാലിന്യങ്ങൾ തള്ളിയതായി വിവരം ലഭിച്ചയുടൻ കട്ടപ്പന ഡി വൈ എസ് പി യോട് അന്വേഷിക്കാൻ ആവശ്യപ്പെടുകയായിരുന്നു. കുടിവെള്ള പദ്ധതികൾക്കുൾപ്പെടെ ആശ്രയിക്കപ്പെടുന്ന ഡാമിൽ മാലിന്യങ്ങൾ തള്ളിയവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബാധകമാകുന്ന എല്ലാ വകുപ്പുകൾക്കും പുറമെ ജലസേചനജല സംരക്ഷണ നിയമം 1993, വകുപ്പ് 70 (3 ) 72 സി , ജല മലിനീകരണ നിയമം 1974 , വകുപ്പ് 43 , പരിസ്ഥിതി സംരക്ഷണ നിയമം 1986 ,പഞ്ചായത്ത് രാജ് നിയമം 1994 , വകുപ്പ് 219 എസ് , 219 ടി , മുൻസിപ്പാലിറ്റി ആക്ട്1994 , വകുപ്പ് 340 എന്നിവ അനുസരിച്ച് നടപടി സ്വീകരിക്കും. ഇത്തരത്തിൽ ഡാമുകളുടെ പരിസരത്തും വന പ്രദേശങ്ങളിലും മാലിന്യം ഉപേക്ഷിക്കുന്നത് നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ പരിശോധന കർശനമാക്കാൻ പോലീസിനോടും വനം വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

# കണ്ണൂർ മെഡിക്കൽ കോളജിന് പ്രതിവർഷം 25 കോടി രൂപയുടെ മരുന്ന് ആവശ്യം

## സർക്കാർ അനുവദിക്കുന്നത് 7 കോടി രൂപ മാത്രം




**കണ്ണൂർ:** പരിയാരത്തെ കണ്ണൂർ മെഡിക്കൽ കോളജിൽ അവശ്യ മരുന്നുകൾ കിട്ടാനില്ലാതെ രോഗികൾ നട്ടംതിരിയുന്നതിന്റെ കാരണം ആശുപത്രിയോടുള്ള സർക്കാരിന്റെ അവഗണ മാത്രം. സംസ്ഥാനത്തെ മറ്റു മെഡിക്കൽ കോളജുകൾക്ക് അനുവദിക്കുന്നതിന്റെ പകുതി പോലും തുക മുഖ്യമന്ത്രിയുടെ നാട്ടിലെ മെഡിക്കൽ കോളജിലേക്കു മരുന്നു വാങ്ങാൻ അനുവദിക്കുന്നില്ല.

പ്രതിവർഷം കുറഞ്ഞത് 25 കോടി രൂപയുടെ മരുന്ന് പരിയാരത്ത് ആവശ്യമുണ്ടെന്ന് ആശുപത്രി അധികൃതർ ആവർത്തിച്ച് ആവശ്യപ്പെടുമ്പോഴും സർക്കാർ അനുവദിക്കുന്നത് 7 കോടി രൂപ മാത്രം. കണ്ണൂർ മെഡിക്കൽ കോളജുമായി താരതമ്യം ചെയ്യുമ്പോൾ പകുതിപോലും രോഗികളില്ലാത്ത എറണാകുളം മെഡിക്കൽ കോളജിനു വരെ 8 കോടി രൂപ പ്രതിവർഷം അനുവദിക്കുന്നുണ്ട്.

25 വർഷമായി പ്രവർത്തിക്കുന്ന പരിയാരത്തെ മെഡിക്കൽ കോളജിനു സർക്കാരിന്റെ നിഗമനത്തിൽ പ്രായം 5 വർഷം മാത്രമാണ്. ആശുപത്രിയോടുള്ള സർക്കാർ അവഗണനയുടെ പ്രധാന കാരണവുമിതാണ്. ആശുപത്രിക്കു ലഭിക്കേണ്ട പല ആനുകൂല്യങ്ങളും പ്രത്യേക ഫണ്ടുകളും ഇക്കാരണത്താൽ നഷ്ടപ്പെടുന്നുണ്ട്. രണ്ടു പതിറ്റാണ്ടായി സജീവമായി പ്രവർത്തിക്കുമ്പോഴാണ് ആശുപത്രി സർക്കാർ ഏറ്റെടുക്കുന്നത്. 1200 കിടക്കകളും പ്രതിദിനം 1500 ൽ അധികം രോഗികൾ ഒപിയിലുമെത്തുന്ന മെഡിക്കൽ കോളജിന് ഏറ്റവും കുറഞ്ഞത് പ്രതിവർഷം 25 കോടി രൂപയുടെ മരുന്ന് ആവശ്യമാണ്.

ഇക്കാര്യം ചൂണ്ടിക്കാട്ടി ഒട്ടേറെത്തവണ ആശുപത്രി അധികൃതർ സർക്കാരിന് അപേക്ഷ നൽകിയിരുന്നു. കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളജുകൾക്ക് പ്രതിവർഷം മരുന്നിനായി 30 കോടി മുതൽ 45 കോടി രൂപ വരെ അനുവദിക്കുമ്പോഴാണ് പരിയാരത്തോട് ഈ അവഗണന. മെഡിക്കൽ കോളജിലേക്ക് ആവശ്യത്തിനുള്ള മരുന്നുകൾ ഒരുവർഷത്തേക്ക് മൊത്തമായാണ് എത്താറുള്ളത്. ഇതനുസരിച്ച് മെഡിക്കൽ കോളജ് അധികൃതർ നൽകിയ പട്ടികപ്രകാരമുള്ള മിക്ക മരുന്നുകളും ഇതുവരെ ലഭിക്കാത്തതാണു പ്രതിസന്ധിക്കു കാരണം.

എത്തിയ മരുന്നുകൾ വളരെ കുറച്ചു മാത്രവും.മരുന്നു വിതരണം ചെയ്യുന്ന കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻ ഡിപ്പോയിൽ ആവശ്യത്തിനു മരുന്ന് എത്താത്തതിനാലാണ് ആശുപത്രിയിൽ മരുന്നു ക്ഷാമമുണ്ടാകുന്നത്. സർക്കാർ ഏറ്റെടുത്തതോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണം ദിനംപ്രതി വർധിച്ചിട്ടുണ്ട്. ഈ ഘട്ടത്തിലാണ് മരുന്നില്ലാത്തതിനാലുള്ള പ്രതിസന്ധി.

ജീവനക്കാരുടെ ശമ്പളം മുടങ്ങുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ രണ്ടാഴ്ചയ്ക്കുള്ളിൽ അടിയന്തര നടപടി സ്വീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് പാഴ്വാക്കായി. കഴിഞ്ഞ മാസം 15 നു ചേർന്ന യോഗത്തിലാണ് ഇന്റഗ്രേഷനും തസ്തികകളുടെ വർഗീകരണവും ജോലിസ്ഥിരതയ്ക്കുള്ള മറ്റു നടപടികളും അടിയന്തരമായി പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ, മുഖ്യമന്ത്രി ഉറപ്പു നൽകി നാലാഴ്ച പിന്നിടുമ്പോഴും ആശുപത്രിയിലെ ഭൂരിഭാഗം ജീവനക്കാരുടെയും ശമ്പളം മുടങ്ങി.

മെഡിക്കൽ കോളജിൽ വീണ്ടും ഒരു വിഭാഗം ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങി. ഫെബ്രുവരിയിലെ ശമ്പളം ലഭിച്ചില്ലെന്നാണു പരാതി. സർക്കാർ ജീവനക്കാരാക്കിയ നടപടി (ഇന്റഗ്രേഷൻ) പൂർത്തിയായ നഴ്സിങ് വിഭാഗത്തിലെ ജീവനക്കാർക്ക് ഇത്തവണ സ്പാർക്കിലൂടെ നേരിട്ടു ശമ്പളം ലഭിച്ചു. എന്നാൽ സർക്കാർ ജീവനക്കാരാക്കുന്ന നടപടി പൂർത്തിയാകാത്ത ആയിരത്തോളം ജീവനക്കാർക്ക് കഴിഞ്ഞ മാസത്തെ ശമ്പളം ഇനിയും ലഭിച്ചില്ല. സർക്കാർ ഏറ്റെടുത്തതിനു ശേഷം മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കാത്തതും ശമ്പളം വൈകുന്നതും ജീവനക്കാരെ വലിയ പ്രയാസത്തിലാക്കുന്നുണ്ട്.



# സഹായം നിലച്ചു; സ്പെഷൽ സ്കൂളുകൾ പ്രതിസന്ധിയിൽ

**കൽപറ്റ:** മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും പരിചരിക്കുകയും ചെയ്യുന്ന സ്പെഷൽ സ്കൂളുകൾ സർക്കാർ സഹായം ലഭിക്കാത്തതിനാൽ പ്രതിസന്ധിയിൽ. ജില്ലയിൽ 8 സ്കൂളുകളിലായി 700 വിദ്യാർഥികൾ അധ്യയനം നടത്തുന്നുണ്ട്. അധ്യാപക അനധ്യാപക തസ്തികകളിലായി 300 ലധികം ജീവനക്കാരുമുണ്ട്. സംസ്ഥാനത്തെ സ്പെഷൽ സ്കൂളുകൾക്ക് 2022,23 അധ്യയന വർഷത്തേക്കുള്ള പാക്കേജായി 45 കോടി രൂപ അനുവദിച്ച് കഴിഞ്ഞവർഷം ജൂൺ 2ന് ഉത്തരവ് ഇറങ്ങിയെങ്കിലും ഇതുവരെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് സ്പെഷൽ സ്കൂൾ അധികൃതർ പറയുന്നു.

കഴിഞ്ഞ അധ്യയന വർഷത്തിൽ 5 മാസത്തെ തുക മാത്രമാണ് സർക്കാർ വിതരണം ചെയ്തത്. പ്രതിസന്ധി രൂക്ഷമായതോടെ പല സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. സ്പെഷൽ സ്കൂളുകളുടെ പ്രതിസന്ധി മറികടക്കാൻ കഴിഞ്ഞ ഓഗസ്റ്റിൽ മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. എന്നാൽ, തുടർനടപടികൾ മുടങ്ങി. കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്തു സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിരുന്നു. പിന്നീട് അധികാരത്തിലേറിയ എൽഡിഎഫ് സർക്കാരാണു സ്പെഷൽ സ്കൂളുകൾക്കായി സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചത്. എന്നാൽ, സ്പെഷൽ സ്കൂളുകൾക്ക് നൽകിവരുന്ന സാമ്പത്തിക പാക്കേജുകൾ ദൈനംദിന പ്രവർത്തനത്തിന് പോലും പര്യാപ്തമല്ലെന്ന് സ്കൂൾ അധികൃതർ പറയുന്നു.

സംസ്ഥാനത്തെ 314 സ്പെഷൽ സ്കൂളുകളിലായി 25000 വിദ്യാർഥികളാണ് പരിശീലനം നേടുന്നത്. സ്പെഷൽ എജ്യുക്കേറ്റർമാർ, ആയമാർ, ഫിസിയോ തെറപ്പിസ്റ്റ്, സ്പീച്ച് തെറപ്പിസ്റ്റ്, കായിക കരകൗശല അധ്യാപകർ എന്നിങ്ങനെ അധ്യാപക അനധ്യാപക തസ്തികകളിലായി 6000 ജീവനക്കാരും ഈ മേഖലയെ ആശ്രയിച്ച് കഴിയുന്നുണ്ട്. സർക്കാർ പ്രഖ്യാപിക്കുന്ന പാക്കേജ് തുക ജീവനക്കാരുടെ ശമ്പളം നൽകാൻ പോലും തികയുന്നില്ലെന്നു സ്കൂൾ അധികൃതർ പറയുന്നു. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക അനുവദിച്ചാൽ മാത്രമേ സ്കൂളുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു. സ്കൂളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി 1:8 അനുപാതത്തിൽ അധ്യാപകർക്കും 1:15 അനുപാതത്തിൽ അനധ്യാപകർക്കും വേതനം അനുവദിക്കണമെന്നാണ് ആവശ്യം

# കേരളം ബഹുമുഖ പ്രശ്നങ്ങൾ നേരിടുന്നതായി തദ്ദേശസ്വയംഭരണ മന്ത്രി

ജലസുരക്ഷ ഉറപ്പ് വരുത്തുന്നതിലും കാലാവസ്ഥാ വ്യതിയാനത്തിലും സംസ്ഥാനം ബഹുമുഖമായ പ്രശ്നങ്ങൾ നേരിടുന്നതായി തദ്ദേശസ്വയംഭരണ മന്ത്രി എം.ബി രാജേഷ്. ഗ്രാമീണ ഇന്ത്യയുടെ ജല സുരക്ഷയും കാലാവസ്ഥ പൊരുത്തപ്പെടലും എന്ന പദ്ധതിയിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ബഹുമുഖമായ പ്രശ്നങ്ങളാണ് കേരളം അനുഭവിക്കുന്നത്. ഒരുവശത്ത് തീവ്ര മഴ ലഭിക്കുമ്പോൾ മറുവശത്ത് രൂക്ഷ വരൾച്ച നേരിടുന്നു. ഇതിനൊക്കെ പുറമെ കുടിവെള്ളം മലിനമാകുന്ന പ്രശ്നമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ രൂക്ഷമായ പ്രത്യാഘാതം അനുഭവപ്പെടാൻ സാധ്യതയുള്ള ലോകത്തിലെ 100 സ്ഥലങ്ങളെക്കുറിച്ച് ഓസ്ട്രേലിയൻ തിങ്ക്ടാങ്ക് നടത്തിയ പഠനത്തിൽ കേരളം 54 ാം സ്ഥാനത്താണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിലെ ഒരു ചീന്താണ് കേരളം. 2018, 2019 വർഷങ്ങളിലെ പ്രളയം, സുനാമി, ഓഖി അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പ്രളയം ഉണ്ടായി ഒരു മാസം കഴിഞ്ഞപ്പോൾ നാം വരൾച്ചയും നേരിട്ടു. ഇത്തരത്തിൽ ബഹുമുഖമായ വെല്ലുവിളികളാണ് സംസ്ഥാനം നേരിടുന്നത്. കാലാവസ്ഥാവ്യതിയാനവും ജലസുരക്ഷയും വ്യത്യസ്ത വിഷയങ്ങൾ അല്ല, ബന്ധപ്പെട്ടതാണ്. രണ്ടിനെയും കൂട്ടായി കണ്ടു സംബോധന ചെയ്യേണ്ടതുണ്ട്. തെളിനീരൊഴുകും നവകേരളം, നീരുറവ പദ്ധതികൾ ഇതിനായുള്ള ശ്രമത്തിന്റെ ഭാഗമാണ്.

ഭൂഗർഭജലവിതാനം സെമി ക്രിട്ടിക്കൽ മേഖലയിലായിരുന്ന തിരുവനന്തപുരം കാട്ടാക്കടയിൽ അഞ്ചുവർഷംകൊണ്ട് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി അവിടത്തെ ഭൂഗർഭജലവിതാനം സുരക്ഷിതമായ നിലയിലേക്ക് ഉയർത്താൻ കഴിഞ്ഞത് തദ്ദേശ സ്വയംഭരണ മന്ത്രി ചൂണ്ടിക്കാട്ടി. മാതൃകാപരമായ കാട്ടാക്കടയുടെ അനുഭവത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് തൃത്താലയിൽ ഇപ്പോൾ ഭൂഗർഭജലവിതാനം ഉയർത്തുന്ന പദ്ധതി നടപ്പാക്കുന്നത്, മന്ത്രി പറഞ്ഞു.



# ലോക ഗ്ലോക്കോമ വാരം : രോഗ നിർണ്ണയ പരിപാടികളുമായി കെ.എസ്.ഒ.എസ്




**കൊച്ചി:** കേരളത്തിലെ നേത്ര വിദഗ്ധരുടെ പ്രൊഫഷണൽ സംഘടനയായ കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ് (കെ.എസ്. ഒ .എസ്) ലോക ഗ്ലോക്കോമ വാരാചരണത്തോടനുബന്ധിച്ച് രോഗ നിർണ്ണയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.'ശോഭയാർന്ന ലോകം, സംരക്ഷിക്കുക കാഴ്ച ' എന്ന പ്രമേയത്തിൽ മാർച്ച് 12 മുതൽ 18 വരെയാണ് ലോക ഗ്ലോക്കോമ വാരം നടക്കുക.ലോകത്ത് അന്ധതയുടെ രണ്ടാമത്തെ പ്രധാന കാരണമായ ഗ്ലോക്കോമ, ഏകദേശം 80 ദശലക്ഷത്തിലധികം ആളുകളിൽ വ്യാപിച്ചതായാണ് കണക്കുകൾ. ഇന്ത്യയിൽ, ഏകദേശം 1.2 ദശലക്ഷം ആളുകൾ ഈ രോഗത്താൽ അന്ധത അനുഭവിക്കുന്നു. 12 ദശലക്ഷം ആളുകൾക്ക് രോഗ ബാധയുണ്ട്.പ്രായമേറിയവരിലാണ് രോഗം കൂടുതൽ. നേരത്തെയുള്ള രോഗനിർണയവും ചികിത്സയുമാണ് ഗ്ലോക്കോമയിൽ നിന്നുള്ള കാഴ്ച നഷ്ടം തടയുന്നതിനുള്ള മാർഗമെന്ന് കെ.എസ്. ഒ .എസ് പ്രസിഡന്റ് ഡോ.എസ്.ജെ.സായികുമാർ,ജനറൽ സെക്രട്ടറി ഡോ.ഗോപാൽ എസ്.പിള്ള എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.മാർച്ച് 15 സംസ്ഥാനത്തുടനീളം 200 കേന്ദ്രങ്ങളിലായി രോഗനിർണ്ണയ ക്യാമ്പുകൾ നടക്കും.ഓരോ സ്ഥലത്തും കുറഞ്ഞത് 50 പേരിൽ ഇൻട്രാ ഓക്യുലർ പ്രഷർ പരിശോധന നടത്തും. ഇതുവഴി സംസ്ഥാനത്ത് പതിനായിരത്തിലധികം ഗ്ലോക്കോമ പരിശോധന ഒരു ദിവസം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ഇവർ പറഞ്ഞു.തലച്ചോറിലേക്ക് സിഗ്നലുകൾ നൽകികാഴ്ച സാധ്യമാക്കുന്ന ഒപ്റ്റിക് നാഡിക്ക് കേട് വരുത്തുന്ന നേത്രരോഗമാണ് ഗ്ലോക്കോമ.കണ്ണിന്റെ മുൻഭാഗത്തെ പരിപോഷിപ്പിക്കുകയും ഇൻട്രാഓക്യുലർ മർദ്ദം കൃത്യമായി നിലനിൽത്തുകയും ചെയ്യുന്ന അക്വസ് ഹ്യൂമർ എന്ന ദ്രാവകം കൃത്യമായി ഒഴുകി പോവാതെ അടിഞ്ഞുകൂടി ഒപ്റ്റിക് നാഡിയിലെ മർദ്ദം വർദ്ധിപ്പിക്കുന്നു. ഒപ്റ്റിക് നാഡി ഞരമ്പുകൾ സമ്മർദം മൂലം നശിച്ച് അന്ധതയ്ക്ക് കാരണമായുന്നുവെന്നും ഇവർ പറഞ്ഞു.ഗ്ലോക്കോമ വഴിയുള്ള നാഡി ക്ഷതം സാവധാനമാണ് നടക്കുന്നത്. പ്രാരംഭ ലക്ഷണങ്ങളില്ലാത്തതിനാൽ രോഗം ശ്രദ്ധിക്കെപെടാതെ പോയേക്കാം. കേടുപാടുകൾ ഒരിക്കൽ സംഭവിച്ചാൽ, അത് മാറ്റാനാവാത്തതാണ്. അതിനാൽ, ഗ്ലോക്കോമ നേരത്തെ കണ്ടെത്തേണ്ടത് പരമപ്രധാനമാണെന്ന് ഡോ. സായികുമാർ പറഞ്ഞു.ഒരാഴ്ച്ച നീളുന്ന ബോധവൽക്കരണ പരിപാടികളിൽ റേഡിയോ, ടിവി പ്രോഗ്രാമുകൾ, ബ്രോഷറുകൾ, ലഘുലേഖകൾ, ഗ്ലോക്കോമ വാക്കത്തോണുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

# വിപിഎസ് ലേക്ഷോറിൽ 'സ്നേഹസ്വരം' പദ്ധതിക്ക് തുടക്കമായി



**കൊച്ചി:** ജന്മനാ കേൾവിയില്ലാത്ത കുട്ടികൾക്ക് വിപിഎസ് ലേക്ഷോറിൽ സൗജന്യ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തുന്ന 'സ്നേഹസ്വരം' പദ്ധതിക്ക് തുടക്കമായി. വിപിഎസ് ലേക്ഷോറിന്റെ കോർപറേറ്റ് സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ ഭാഗമായാണ് സൗജന്യ ശസ്ത്രക്രിയകൾ ചെയ്യുക. നടൻ രമേഷ് പിഷാരടിയാണ് സ്നഹേസ്വരം പദ്ധതിയുടെ ബ്രാൻഡ് അംബാസിഡർ.ഫെബ്രുവരിയിൽ നടന്ന ക്യാമ്പിൽനിന്ന് തെരഞ്ഞെടുത്ത അഞ്ചു കുട്ടികൾക്കാണ് പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ശസ്ത്രക്രിയകൾ സൗജന്യമായി നടത്തുന്നത്. മാർച്ച് 18, 19 തീയതികളിലായി വിപിഎസ് ലേക്ഷോറിൽ നടക്കുന്ന എഒഐകോൺ 2023 കേരള സ്റ്റേറ്റ് മിഡ് ടേം ഇഎൻടി കോൺഫറൻസിൽ വിപിഎസ് ലേക്ഷോറിലെ ഇഎൻടി എച്ഓഡി ആൻഡ് സീനിയർ കൺസൽട്ടന്റ് ഡോ ഇടിക്കുള കെ മാത്യൂസ്, കോക്ലിയർ ഇംപ്ലാന്റ് സർജൻ ഡോ ലക്ഷ്മി രഞ്ജിത്ത്, അസോഷ്യേറ്റ് കൺസൽട്ടന്റ് ഡോ ഗോകുൽ ഇ ഡി, കൺസൽട്ടന്റ് ഡോ ശ്വേത ഷേണായ് എന്നിവരുടെ നേതൃത്വത്തിൽ ആദ്യത്തെ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തും. കുട്ടികളുടെ ചികിത്സാ പദ്ധതികൾക്ക് വിപിഎസ് ലേക്ഷോർ എന്നും മുൻഗണന നൽകിയിട്ടുണ്ടെന്നും കേൾവിശക്തിയില്ലാത്ത ഈ കുട്ടികൾക്ക് ഒരു കൈത്താങ്ങ് നൽകാൻ ഈ സൗജന്യ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ സഹായിക്കുമെന്ന് വിശ്വസിക്കുന്നുവെന്നും വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.

# ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ എട്ടാം സ്റ്റാൻറേർഡ് പ്രവേശനം

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റിന്റെ കീഴിൽ എറണാകുളം ജില്ലയിൽ കലൂരിലും (04842347132/8547005008) കപ്രശ്ശേരിയിലും (ചെങ്ങമനാട്, 0484 2604116/8547005015), മലപ്പുറം ജില്ലയിൽ വാഴക്കാട് (04832725215/8547005009), വട്ടംകുളം (04942681498/8547005012), പെരിന്തൽമണ്ണ (04933225086/8547021210) എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ പുതുപ്പള്ളി (04812351485/8547005013)യിലും, ഇടുക്കി ജില്ലയിൽ പീരുമേട് (04869232899/854700501), മുട്ടം, തൊടുപുഴ (04862255755/8547005014) എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി (04692680574/8547005010)യിലും പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളുകളിൽ 2023 -24 അദ്ധ്യയനവർഷത്തിൽ എട്ടാം സ്റ്റാന്റേർഡ് പ്രവേശനത്തിന് അർഹരായവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൻ/ അപേക്ഷക 01.06.2023 ന് 16 വയസ്സ് തികയാത്തവരായിരിക്കണം. ഹൈസ്കൂൾ പഠനത്തിനുശേഷം സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിന് തയ്യാറാക്കുന്ന തരത്തിലാണ് ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ കരിക്കുലം. ഭാവിയിൽ ഉദ്യോഗ കയറ്റത്തിനും തൊഴിലിനും സാധ്യത കൂട്ടുന്നതിനായി ഇലക്ട്രോണിക്സ് ട്രേഡ് സർട്ടിഫിക്കറ്റ് ഇതോടൊപ്പം നൽകുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ടെക്നിക്കൽ സ്കൂളുകളിൽ നിന്ന് വ്യത്യസ്തമായി ബയോളജി ഒരു വിഷയമായി പഠിക്കുന്നതിനാൽ വൈദ്യശാസ്ത്ര മേഖലയിലെ ഉപരിപഠനം ലക്ഷ്യമിടുന്നവർക്കും എഞ്ചിനീയറിംഗ് മേഖല തെരെഞ്ഞെടുക്കുന്നവർക്കും ഒരുപോലെ ഉപയോഗപ്രദമാണ് ഐ.എച്ച്.ആർ.ഡി യുടെ ടെക്നിക്കൽ സ്കൂളുകൾ. ടി.എച്ച്.എസ്.എൽ.സി സർട്ടിഫിക്കറ്റ് എസ്.എസ്.എൽ.സി ക്ക് തുല്യമാണ്. സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിലെ പ്രവേശനത്തിന് 10 ശതമാനം സംവരണവുമുണ്ട്. പത്താം ക്ലാസ് പാസായവർക്ക് (ഇഷ്ട മേഖലയിൽ) തന്നെ പ്ലസ് ടു പഠനത്തിന് അതേ സ്കൂളിൽ തന്നെ സൗകര്യം ഉണ്ട് എന്നത് ഐഎച്ച്ആർഡി യുടെ സ്കൂളുകളെ മറ്റ് സ്കൂളുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു ഈ സ്കൂളുകളിലെ അധ്യയന മാധ്യമം ഇംഗ്ലീഷ് ആണ്. ഏഴാം സ്റ്റാന്റേർഡോ തത്തുല്യ പരീക്ഷയോ പാസ്സായവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ **ihrd.kerala.gov.in/ths** സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ സൈറ്റ് രജിസ്ട്രേഷൻ മുഖേന ഫീസായി ഫലം നേരിട്ടും, ഓൺലൈനായും 110 രൂപ (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് 55 രൂപ) അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ ബാങ്ക് അക്കൗണ്ടിൽ അടച്ച്, പണമടച്ചതിന്റെ വിശദാംശങ്ങൾ ഓൺലൈൻ പോർട്ടലിൽ രേഖപ്പെടുത്താവുന്നതാണ്. അപേക്ഷാ ഫീസ് ബന്ധപ്പെട്ട സ്കൂൾ ഓഫീസിൽ പണമായോ, പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന ഡി.ഡി ആയോ നൽകാവുന്നതാണ്. 2023 24 വർഷത്തെ പ്രോസ്പെക്ടസ്സ് വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈനായി മാർച്ച് 21 വരെയും, സ്കൂളുകളിൽ നേരിട്ട് മാർച്ച് 25ന് നാലുവരെയും സമർപ്പിക്കാം.

## പട്ടിക വർഗ പ്രമോട്ടർ ഒഴിവ്

**കൊച്ചി:** മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെൻറ് ഓഫീസിന്റെ കീഴിൽ മൂവാറ്റുപുഴ ബ്ലോക്ക് /മുനിസിപ്പാലിറ്റിയിൽ നിലവിലുള്ള പട്ടികവർഗ പ്രമോട്ടറുടെ ഒരു ഒഴിവിലേക്ക് പട്ടികവർഗ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിവിധ ക്ഷേമ വികസന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗക്കാരിൽ എത്തിക്കുന്നതിനും സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവർ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ പട്ടികവർഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗക്കാർക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനുമായി സേവന സന്നദ്ധതയുള്ളവരും പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള 20 നും 35 നും മധ്യേ പ്രായമുള്ള പട്ടികവർഗക്കാർക്ക് അപേക്ഷിക്കാം. എഴുത്തു പരീക്ഷയുടെയും നേരിട്ടുള്ള അഭിമുഖത്തിൻറയും അടിസ്ഥാനത്തിലായിരിക്കും നിയമനം. അവസാന തീയതി മാർച്ച് 21 ന് വൈകിട്ട് അഞ്ചു വരെ. നിയമന കാലാവധി ഒരു വർഷമായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം യാത്രാബത്ത ഉൾപ്പെടെ 13500 രൂപ ഹോണറേറിയത്തിന് അർഹത. ഫോൺ: 04852814957, 2970337.

## അങ്കണവാടി വർക്കർ/ഹെൽപ്പർ

**കൊച്ചി:** നോർത്ത് പറവൂർ ഐ.സി. ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയിലെ അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കും നിയമനം നടത്തുന്നതിനായി നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയിൽ സ്ഥിരതാമസക്കാരും സേവന തത്പരരുമായ വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ പ്രായം 2023 ജനുവരി ഒന്നിന് 18 വയസ് പൂർത്തിയാകേണ്ടതും, 46 വയസ് കവിയാൻ പാടില്ലാത്തതുമാണ്. അപേക്ഷകൾ മാർച്ച് 16 മുതൽ 31 വൈകീട്ട് 5 വരെ നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ടിൽ സ്വീകരിക്കും. അപേക്ഷയുടെ മാതൃക നോർത്ത് പറവൂർ ഐ.സി.ഡി.എസ് പ്രോജക്ട്, നോർത്ത് പറവൂർ മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ സിവിൽ സ്റ്റേഷൻ 2ാം നിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0484 2448803.

## റീ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:**കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വനിതാ ഹാളിലേക്ക് പബ്ലിക് അഡ്രസിങ് സിസ്റ്റം വാങ്ങൽ പദ്ധതി നടപ്പിലാക്കുതിന് അംഗീകൃത വിതരണക്കാരിൽ നിന്ന് റീ ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ഠഠഠ.ലേിറല്യ.ഹഴൈസല്യമഹമ.ഴീ.ശി എന്ന വെബ് സൈറ്റിൽ നിന്നും അറിയാം. ഫോൺ:0485 2822544). ടെൻഡർ സർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 22ന് ഉച്ചയ്ക്ക് രണ്ടു വരെ.

### കോഴിക്കോട് ഫാത്തിമ ആശുപത്രിയിലെ ഡോക്ടറെ ആക്രമിച്ച സംഭവം :

# പ്രതികളെ പിടികൂടാതെ പോലിസ് ഒത്തുകളിക്കുന്നു; 17 ന് മെഡിക്കൽ സമരമെന്ന് ഐ.എം.എ

## സമരം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി ചികിൽസയിൽ നിന്നും മാറിനിന്ന്




**കൊച്ചി:**കോഴിക്കോട് ഫാത്തിമ ആശുപത്രിയിലെ ഡോക്ടറെ ക്രൂരമായി ആക്രമിച്ച സംഭവം നടന്ന് ഒരാഴ്ച പിന്നിട്ടിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാൻ തയ്യാറാകത്ത പോലിസ് നടപടിയിൽ പ്രതിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ)ന്റെ നേതൃത്വത്തിൽ ഡോക്ടർമാർ സമരത്തിലേക്ക്.പോലീസിന്റെ അനാസ്ഥയിൽ പ്രതിഷേധിച്ച് ഈ മാസം 17 ന് ഡോക്ടർമാരുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് മെഡിക്കൽ സമരം നടത്തുമെന്ന് ഐ.എം.എ. സംസ്ഥാന സെക്രട്ടറി ഡോ. ജോസഫ് ബെനവൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.അന്നേ ദിവസം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി ചികിൽസയിൽ നിന്നും മാറിനിന്നാണ് സമരം നടത്തുകയെന്ന് ഐ.എം.എ ഭാരവാഹികൾ വ്യക്തമാക്കി.അതേ സമയം ആശുപത്രികളിലെ അത്യാഹിത വിഭാഗം,അടിയയന്ത്ര ശസ്ത്രക്രിയകൾ എന്നിവ പതിവുപേലെ നടക്കുമെന്നും ഐ.എം.എ സംസ്ഥാന സെക്രട്ടറി വ്യക്തമാക്കി.സമരത്തിന് സർക്കാർ ഡോക്ടർമാരുടെ സംഘടനകൾ അടക്കം പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഡോ. ജോസഫ് ബെനവൻ വ്യക്തമാക്കി.വിഷയവുമായി ബന്ധപ്പെട്ട രോഗിയുമായി യാതൊരു വിധത്തിലും ഇടപെടാത്ത വ്യക്തിയാണ് അക്രമത്തിനിരയായ ഡോക്ടർ.ആശുപത്രിയിൽ ഉണ്ടായിരുന്ന പോലിസുകാരുമായി സംസാരിച്ചുകൊണ്ട് നിൽക്കുന്ന സമയത്താണ് അവർ നോക്കി നിൽക്കേ ഡോക്ടറെ അക്രമി സംഘം കൊലവിളി നടത്തിക്കൊണ്ട് ക്രൂരമായി മർദ്ദിച്ചതെന്നും ഡോ. ജോസഫ് ബെനവൻ പറഞ്ഞു.ഡോക്ടറുടെ മൂക്കിന് അടക്കം ഗുരുതരമായി പരിക്കേറ്റിട്ടും പോലിസുകാർ കാഴ്ച്ചക്കാരായി നിൽക്കുകയായിരുന്നു. ആക്രമണത്തിന് കാരണമായി പറയുന്ന വിധത്തിൽ യാരുവിധ ചികിൽസാ പിഴവും സംഭവിച്ചിട്ടില്ല.ഇക്കാര്യം നേരത്തെ തന്നെ ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി നൽകിയിട്ടുള്ളതാണെന്നും ഡോ. ജോസഫ് ബെനവൻ വ്യക്തമാക്കി.ഇത്തരത്തിൽ ഡോക്ടർമാർക്കും നേരെയുള്ള ആക്രമണങ്ങൾ ഒറ്റപ്പെട്ട സംഭവമല്ല.ആഴ്ചയിൽ ഒന്ന് എന്ന നിലയിലാണ് നിലവിൽ സംസ്ഥാനത്ത് ആശുപത്രികൾക്കും ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും നേരെ അക്രമങ്ങൾ നടക്കുന്നത്.ഇത് തടയേണ്ട സർക്കാർ കാഴ്ചക്കാരായി മാറുകയാണ്.രോഗികളുടെ ജീവൻ രക്ഷിക്കാൻ എല്ലാം മറന്ന് അഹോരാത്രം ജോലി ചെയ്യുന്നവരാണ് ഡോക്ടർമാരും നേഴ്സുമാരും അടക്കമുള്ള ആരോഗ്യപ്രവർത്തകർ.നിർഭാഗ്യവശാൽ തങ്ങളുടെ ജീവന് യാതൊരു സുരക്ഷിതത്വമില്ലാത്ത സ്ഥിതിയാണുള്ളതെന്നും ഐ.എം.എ ഭാരവാഹികൾ വ്യക്തമാക്കി. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ മാത്രം ഏതാണ്ട് 200ലേറെ ആക്രമണങ്ങളാണ് സംസ്ഥാനത്തെ ആശുപത്രികൾക്ക് നേരെ നടന്നത്.ആശുപത്രികൾക്കു നേരെ 164 ആക്രമങ്ങൾ നടന്നതായിട്ടാണ് കോവിഡ് കാലത്ത് മന്ത്രി തന്നെ നിയമ സഭയിൽ പറഞ്ഞത്.അതിനു ശേഷമുള്ള വർഷം 42 ഉം നടന്നതായിട്ടാണ് വ്യക്തമാക്കപ്പെടുന്നത്.ഇപ്പോഴും ഇത് തുടരുകയാണ്.ആക്രമണങ്ങൾക്ക് നേതൃത്വം നൽകുന്നവരെ യഥാസമയം പിടികൂടുകയോ ശിക്ഷ ഉറപ്പാക്കുകയോ ചെയ്യുന്നതിൽ പോലിസ് കാണിക്കുന്ന അനാസ്ഥയാണ് ഡോക്ടർമാരടക്കമുള്ള ആരോഗ്യപ്രവർത്തകരെ ഭയപ്പെടുത്തുന്നത്.ആശുപത്രികൾക്കും ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും നേരെ ആക്രമണം നടന്നാൽ പരാതികിട്ടി ഒരു മണിക്കൂറിനുള്ളിൽ തന്നെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്ന് ഹൈക്കോടതി തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്. നിർഭാഗ്യവശാൽ സംസ്ഥാനത്ത് ഇത് പാലിക്കപ്പെടുന്നില്ലെന്നും ഇതിൽ കേരളത്തിലെ ഡോക്ടർമാർ ആശങ്കയിലാണെന്നും ഡോ. ജോസഫ് ബെനവൻ വ്യക്തമക്കി.ആശുപത്രി സംരക്ഷണ നിയമം പരിഷ്കരിച്ച് പുതിയ രീതിയിൽ കൊണ്ടുവരുവാൻ സർക്കാർ എടുത്ത തീരുമാനത്തെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സഹർഷം സ്വാഗതം ചെയ്യുന്നു.അതേ സമയം തന്നെയാണ് കോഴിക്കോട് ഫാത്തിമ ആശുപത്രിയിൽ ഡോക്ടർക്കെതിരെ ഉണ്ടായ കൊലപാതക ശ്രമം.ഇത് ഞെട്ടിപ്പിക്കുന്നതാണ്.പോലിസിന്റെ സാന്നിധ്യത്തിൽ നടന്ന ആക്രമണത്തിലെ മുഴുവൻ പ്രതികളെയും ഒരാഴ്ച പിന്നിട്ടിട്ടും പിടികൂടാൻ കഴിഞ്ഞിട്ടില്ലെന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല.ഡോക്ടർമാർ,നേഴ്സുമാർ അടക്കമുള്ള മുഴുവൻ ആരോഗ്യപ്രവർത്തകർക്കും നിർഭയം ആത്മവിശ്വാസത്തോടെ തങ്ങളുടെ ജോലി നിർവഹിക്കാനുള്ള അന്തരീക്ഷമാണ് വേണ്ടത്.അത് സർക്കാർ ഒരുക്കി നൽകണം.ആശുപത്രികളെ സംരക്ഷിത മേഖലകളായി പ്രഖ്യാപിക്കാനുള്ള നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കണം.ആശുപത്രി ആക്രമണങ്ങളെക്കുറിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഐ.എം.എ ആവശ്യപ്പെട്ടു.കോഴിക്കോട് ഫാത്തിമ ആശുപത്രിയിൽ ആക്രമണം നടത്തിയ പ്രതികൾ രക്ഷപെടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കണം.പ്രതിഷേധ സമരം നടത്തിയ ഡോക്ടർമാർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കണമെന്നും കോഴിക്കോട് സംഭവത്തിലെ മുഴുവൻ പ്രതികളെയും ഉടൻ അറസ്റ്റ് ചെയ്യണമെന്നുംഡോ. ജോസഫ് ബെനവൻ ആവശ്യപ്പെട്ടു.രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുക എന്നുള്ളത് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ലക്ഷ്യം അല്ല. പക്ഷേ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും നേരെ ഇത്തരത്തിൽ നിരന്തരം ആക്രമണങ്ങൾ അഴിച്ചുവിടുകയും അതിനു പിന്നിലെ പ്രതികളെ അറസ്റ്റു ചെയ്യാതെ സംരക്ഷിക്കുകയും ചെയ്യുന്ന നിലപാട് മൂലം ഡോക്ടർമാർ സമരം ചെയ്യാൻ നിർബന്ധിതരാകുകയാണ്.ഇത് തിരിച്ചറിഞ്ഞ് പൊതു സമൂഹവും തങ്ങൾക്കു പിന്തുണയുമായി ഒപ്പമുണ്ടാകണമെന്നും ഐ.എം.എ ഭാരവാഹികൾ പറഞ്ഞു. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എസ്.ശ്രീനിവാസ കമ്മത്ത്,സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ,ഐ.എം.എ എറണാകുളം ജില്ലാ ചെയർമാൻ ഡോ.സാബു പോൾ,ജില്ലാ കൺവീനർ ഡോ.എം.എം ഹനീഷ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ബ്രഹ്മപുരം: ജാഗ്രത തുടർന്ന് അഗ്നിരക്ഷാസേന



**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട പുക ഒഴിഞ്ഞെങ്കിലും ബ്രഹ്മപുരത്ത് നിരീക്ഷണം തുടരുകയാണ് അഗ്നിരക്ഷാ സേന. ഇനിയൊരു തീപിടിത്തം ഒഴിവാക്കാൻ സദാ ജാഗരൂകരാണ് സേനാംഗങ്ങൾ. നിലവിലെ സാഹചര്യത്തിൽ സൗകര്യങ്ങൾ ഉള്ളതിനാൽ ബി.പി.സി.എൽ, നേവി, പോർട്ട് ട്രസ്റ്റ് തുടങ്ങിയ വിഭാഗങ്ങളെ അഗ്നി രക്ഷാദൗത്യത്തിന് ശേഷം മടക്കി അയച്ചിരുന്നു. തീ പൂർണമായും അണച്ചെങ്കിലും ഭൂമിയിലും മണ്ണിലും ചൂടുള്ളതിനാൽ വീണ്ടും തീ കത്താനുള്ള സാധ്യതയുണ്ട്. ഇതു പരിഗണിച്ചാണ് നിരീക്ഷണം തുടരുന്നത്. ഇത്തരത്തിൽ ചൊവ്വാഴ്ച രണ്ട് തവണ നിമിഷ നേരത്തേക്ക് പുക ഉയർന്നെങ്കിലും സേനയുടെ ഇടപെടലിനെ തുടർന്ന് ഉടൻ അണച്ചു. കുറച്ച് ദിവസത്തേക്ക് കൂടി നിരീക്ഷണം തുടരാനാണ് തീരുമാനം.നിലവിൽ 15 ഫയർ യൂണിറ്റുകളും 100 അഗ്നി രക്ഷാ ഉദ്യോഗസ്ഥരുമാണ് ബ്രഹ്മപുരത്തുള്ളത്. ഇവരെ സഹായിക്കുന്നതിനായി സിവിൽ ഡിഫൻസ് സേനാംഗങ്ങളും സ്ഥലത്തുണ്ട്. വിദൂര സ്ഥലങ്ങളിൽ നിന്നെത്തിച്ച ഫയർ യൂണിറ്റുകളെയും ഉദ്യോഗസ്ഥരെയും അടുത്ത ദിവസം തന്നെ തങ്ങളുടെ സ്റ്റേഷകളിലേക്ക് മടക്കി അയക്കും. പലയിടത്തും ഉദ്യോഗസ്ഥരുടെ കുറവു നേരിടുന്ന സാഹചര്യത്തിലാണിത്. അടിയന്തര സാഹചര്യമുണ്ടായാൽ നേരിടാൻ ആവശ്യമായ സൗകര്യങ്ങൾ ജില്ലയിലെ മറ്റു സ്റ്റേഷനുകളിൽ നിന്ന് ഒരു മണിക്കൂറിനുള്ളിൽ എത്തിക്കാൻ കഴിയുന്ന തരത്തിലാണ് ജീവനക്കാരെ വിന്യസിച്ചിട്ടുള്ളത്. ചെളിയിൽ പുതഞ്ഞ മൂന്ന് ഫയർ എഞ്ചിനുകൾ ഉപയോഗയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നു. ഇതിനുപുറമേ ആവശ്യമെങ്കിൽ ഉപയോഗിക്കാനായി പത്തോളം എസ്കവേറ്ററുകളും ബ്രഹ്മപുരത്ത് സജ്ജമാക്കി നിർത്തിയിട്ടുണ്ട്.ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷഷിന്റെ നേതൃത്വത്തിൽ റീജിയണൽ ഫയർ ഓഫീസർ ജെ. എസ്.സുജിത് കുമാർ, ജില്ലാ ഓഫീസർ കെ. ഹരികുമാർ, തൃക്കാക്കര അഗ്നി രക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ കെ.എൻ. സതീഷ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് അഗ്നിരക്ഷാ സേന നിരീക്ഷണം തുടരുന്നത്.

## ബ്രഹ്മപുരവുമായി ബന്ധപ്പെട്ട ചികിൽസയെ സമരം ബാധിക്കില്ല: ഐ.എം.എ

**കൊച്ചി:** ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപിടുത്തത്തുടർന്നുണ്ടായ പുക ശ്വസിച്ച് ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവർക്കായി നടക്കുന്ന ചികിൽസ ക്യാംപുകളെ 17 ന് നടക്കുന്ന ഡോക്ടർമാരുടെ സമരം ബാധിക്കില്ലെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എസ്.ശ്രീനിവാസ കമ്മത്ത്,സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ,ഐ.എം.എ എറണാകുളം ജില്ലാ ചെയർമാൻ ഡോ.സാബു പോൾ,ജില്ലാ കൺവീനർ ഡോ.എം.എം ഹനീഷ് എന്നിവർ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. ബ്രഹ്മപുരവുമായി ബന്ധപ്പെട്ട് നടക്കുന്ന ചികിൽസാ സംവിധാനങ്ങൾക്ക് യാതൊരുവിധ തടസ്സവും പാടില്ലെന്ന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇവർ വ്യക്തമാക്കി. ബ്രഹ്മപുരത്ത് തീപിടുത്തമുണ്ടായപ്പോൾ തന്നെ ഐ.എം.എയുടെ നേതൃത്വത്തിൽ സർക്കാരുമായും മറ്റു ആശുപത്രികളുമായും സഹകരിച്ച് ആവശ്യമായ ചികിൽസാ സംവിധാനങ്ങൾ ഒരുക്കി നൽകാൻ തുടങ്ങിയിരുന്നു.തീയണയ്ക്കാൻ നേതൃത്വം നൽകിയ അഗ്നിശമന സേന അംഗങ്ങൾ,സന്നദ്ധസേവന പ്രവർത്തകർ അടക്കമുള്ളവർക്ക് ഐ.എം.എയുടെ നേതൃത്വത്തിൽ ചികിൽസ ക്യാംപുകൾ ഒരുക്കി നൽകുണ്ടെന്നും ഐ.എം.എ ഭാരവാഹികൾ വ്യക്തമക്കി. ദുരന്തങ്ങൾ മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിനാണ് ഐ.എം.എ പ്രാമുഖ്യം നൽകുന്നത്.ബ്രഹ്മപുരത്ത് തീപിടുത്തവുമായി ബന്ധപ്പെട്ടും ഐ.എം.എ ആവശ്യമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ടെന്നും ഐ.എം.എ ഭാരവാഹികൾ വ്യക്തമാക്കി

# ഹോണ്ട മനേസർ ഹാഫ് മാരത്തൺ: രണ്ടായിരത്തിലധികം പേർ പങ്കാളികളായി



**കൊച്ചി:** റോഡ് സുരക്ഷാ അവബോധം പ്രചരിപ്പിക്കുന്നതിനായി ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സംഘടിപ്പിച്ച ഹോണ്ട മനേസർ ഹാഫ് മാരത്തണിന്റെ ആദ്യ പതിപ്പിന് മികച്ച പ്രതികരണം. വിവിധ പ്രായ വിഭാഗങ്ങളിലുള്ള 2100ലധികം പേർ റൺ ഫോർ റോഡ് സേഫ്റ്റി എന്ന ലക്ഷ്യവുമായി സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്തു. മനേസറിലെ എച്ച്എംഎസ്ഐയുടെ ഗ്ലോബൽ റിസോഴ്സ് ഫാക്ടറിയിൽ നിന്നായിരുന്നു മാരത്തണിന്റെ ഫ്ലാഗ് ഓഫ്. മാരത്തണിൽ നിന്നുള്ള മുഴുവൻ വരുമാനവും പ്രമുഖ എൻജിഒ ആയ ഡിവിനിറ്റി (ഉഢിശ്യേ) സർവീസസിന്റെ റോഡ് സുരക്ഷാ സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി സംഭാവന ചെയ്തു. ഫിറ്റ്നസ് രംഗത്തെ പ്രമുഖരായ മിലിന്ദ് സോമൻ, മന്ദിര ബേദി എന്നിവരുടെ സാന്നിദ്ധ്യം മാരത്തണിനെ കൂടുതൽ ശ്രദ്ധേയമാക്കി.എല്ലാ പ്രായത്തിലുമുള്ള ആളുകളെയും ഉൾക്കൊള്ളിക്കുന്നതിന് 21.1 കി.മീ, 10 കി.മീ, 5 കി.മീ, മുതിർന്ന പൗരന്മാർക്ക് 3 കി.മീ ഓട്ടം എന്നിങ്ങനെ നാലുവിഭാഗങ്ങളിലായിട്ടായിരുന്നു മാരത്തൺ. ഹാഫ് മാരത്തണിൽ അറുനൂറിലധികം പേർ പങ്കെടുത്തു. 10 കി.മീ വിഭാഗത്തിൽ എഴുനൂറോളം പേരും, 5 കി.മീ, 3 കി.മീ വിഭാഗങ്ങളിൽ 25ലധികം നിരാലംബരായ കുട്ടികൾ ഉൾപ്പെടെ എണ്ണൂറിലധികം പേരും പങ്കെടുത്തു.ഹാഫ് മാരത്തൺ പുരുഷ വിഭാഗത്തിൽ രഞ്ജിത് കുമാർ പട്ടേലും (01:06:09 സമയം), വനിതാ വിഭാഗത്തിൽ റിന ശർമയും (01:19:29) ഒന്നാം സ്ഥാനം നേടി. ഇരുവർക്കും ഹോണ്ട ആക്ടീവ സമ്മാനമായി ലഭിച്ചു. പുരുഷ വിഭാഗത്തിൽ അനിൽ കുമാർ യാദവ്, അർജുൻ പ്രധാൻ എന്നിവരും, വനിതാ വിഭാഗത്തിൽ ബധോ, സോനം എന്നിവരും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. 10 കിലോമീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനം നേടിയ തന്നു വാട്സ്, ലവ് ചൗധരി എന്നിവർ പതിനായിരം രൂപ ക്യാഷ് അവാർഡ് നേടി. മെഗാ ലക്കി ഡ്രോയിൽ വിജയിച്ച പ്രതാപ് സിങ് ലാംബയ്ക്ക് ഹോണ്ട ഹൈനസ് സിബി350 ബൈക്കും സമ്മാനമായി ലഭിച്ചു.മനേസർ ഹാഫ് മാരത്തണിൽ പങ്കെടുക്കുത്തവരുടെ ഓരോ ചുവടും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് അവബോധം പ്രചരിപ്പിക്കുക എന്ന ഞങ്ങളുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുമെന്ന് ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ അറ്റ്സുഷി ഒഗാറ്റ പറഞ്ഞു. റോഡിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ഇന്ത്യ വലിയ പരിശ്രമം നടത്തുമ്പോൾ ആളുകൾ അവരുടെ കടമയും ഉത്തരവാദിത്തങ്ങളും മനസിലാക്കേണ്ടത് നിർണായകമാണെന്നും ചടങ്ങിൽ സംസാരിക്കവേ അദ്ദേഹം കൂട്ടിച്ചേർത്തു.

# 'പത്തുതല' മാർച്ച് 30 മുതൽ തിയേറ്ററുകളിൽ




**കൊച്ചി:** ചിമ്പു നായകനാകുന്ന പക്കാ മാസ്സ് ആക്ഷൻ ചിത്രം 'പത്തുതല' മാർച്ച് 30ന് തിയേറ്ററുകളിലേക്കെത്തും. ബിഗ് ബഡ്ജറ്റ് ചിത്രത്തിന്റെ കേരളത്തിലെ വിതരണാവകാശം ക്രൗൺ ഫിലിംസ് ആണ് നിർവഹിക്കുന്നത്. ഒബെലി. എൻ.കൃഷ്ണ സംവിധാനവും തിരക്കഥയും ഒരുക്കിയ ചിത്രത്തിന്റെ ഛായാഗ്രഹണം ഫാറൂഖ്.ജെ.ബാഷയാണ് നിർവഹിച്ചിരിക്കുന്നത്. എ.ആർ. റഹ്മാനാണ് ചിത്രത്തിന്റെ ഗാനങ്ങൾ ഒരുക്കുന്നത്. ചിമ്പു കേന്ദ്രകഥാപാത്രത്തിൽ എത്തുന്ന ചിത്രത്തിൽ ഗൗതം കാർത്തിക്, പ്രിയാ ഭവാനി ശങ്കർ, ഗൗതം വാസുദേവ് മേനോൻ, അനു സിത്താര, കലൈയരശൻ, ടീജയ് എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്നു. പത്തുതലയുടെ ടീസറിനു പത്തു ദിവസത്തിനുള്ളിൽ ഒരു കോടിയിൽ പരം കാഴ്ചക്കാരാണ് യൂട്യൂബിൽ. എ.ആർ. റഹ്മാൻ ഒരുക്കിയ നമ്മ സത്തം എന്ന ഗാനവും സോഷ്യൽ മീഡിയയിൽ വൈറലാണ്.പത്തുതലയുടെ അണിയറ പ്രവർത്തകർ ഇവരാണ്. നിർമ്മാണം: ജയന്തിലാൽ ഗാഡ, കെ. ഇ. ഗ്യാനവേൽരാജ, കോ പ്രൊഡ്യൂസർ : നെഹ, എഡിറ്റർ : പ്രവീൺ. കെ.എൽ, ആർട്ട് : മിലൻ, ഡയലോഗ് : ആർ.എസ്. രാമകൃഷ്ണൻ, കൊറിയോഗ്രാഫി: സാൻഡി, സ്റ്റണ്ട് : ആർ.ശക്തി ശരവണൻ, കഥ : നാർധൻ, ലിറിക്സ് : സ്നേകൻ, കബിലൻ, വിവേക്,സൗണ്ട് ഡിസൈൻ : കൃഷ്ണൻ സുബ്രമണ്യൻ, കളറിസ്റ്റ് : കെ.എസ്.രാജശേഖരൻ, സി.ജി: നെക്സ്ജെൻ മീഡിയ, പി ആർ ഓ: പ്രതീഷ് ശേഖർ.

# ഹജ്ജ് മുന്നൊരുക്കം: സിയാലിൽ യോഗം ചേർന്നു



**കൊച്ചി:** ഈ വർഷത്തെ ഹജ്ജിന് മുന്നോടിയായി തീർത്ഥാടകർക്ക് ഒരുക്കേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് നെടുമ്പാശ്ശേരിയിലെ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ യോഗം ചേർന്നു. ഹജ്ജ് കമ്മിറ്റി ചെയർമാ9 സി. മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. മനസുകളിൽ നവോന്മേഷവും ഊർജവും പകരുന്ന തീർത്ഥാടനങ്ങളിലൂടെ ആത്മാവിന്റെ വിമലീകരണമാണ് സാധ്യമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ അധ്യക്ഷത വഹിച്ചു. ഹാജിമാർ പാസ്പോർട്ടുകൾ സൂക്ഷ്മമായി കൈകാര്യം ചെയ്യണമെന്നും പാസ്പോർട്ടുകളിൽ സ്റ്റിക്കറുകളും മറ്റും പതിക്കുന്നത് മൂലം സെക്യുരിറ്റി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്നും എമിഗ്രേഷൻ വിഭാഗം ചൂണ്ടിക്കാട്ടി. കൊവിഡ് വാക്സിനേഷൻ ലഭിക്കേണ്ട അപേക്ഷകർ താലൂക്ക് ആശുപത്രിയുമായി ബന്ധപ്പെടണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഹോമിയോ വകുപ്പിന്റെ ഷിഫാ കിറ്റ് ഈ വർഷവും ഹജ്ജ് ക്യാമ്പിൽ വിതരണം ചെയ്യും.ഹജ്ജ് കമ്മിറ്റി അംഗങ്ങളായ സഫർ കയാൽ, കാസിം കോയ, പി.ടി അക്ബർ, എക്സിക്യുട്ടീവ് ഓഫീസർ പി.എം. ഹമീദ്, അസിസ്റ്റന്റ് സെക്രട്ടറി എ9. മുഹമ്മദാലി, മനു (സിയാൽ) എന്നിവരും വിവിധ വകുപ്പുകളുടെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

# കെൽട്രോൺ: ഹ്രസ്വകാല/വെക്കേഷൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കെൽട്രോൺ ആലുവ നോളജ് സെന്ററിലൂടെ ഹ്രസ്വകാല/വെക്കേഷൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഗ്രാഫിക്സ് ആന്റ് വിഷ്വൽ ഇഫക്റ്റ്സ്, പൈത്തൺ പ്രോഗ്രാമിങ് ഇന്ത്യൻ ആന്റ് ഫോറിൻ അക്കൗണ്ടിങ്ങ്, വേഡ് പ്രോസസിംഗ് ആന്റ് ഡാറ്റ എൻട്രി, ടാലി, ആർക്കിടെക്ചർ ഡ്രാഫ്റ്റിങ്ങ് ആന്റ് ലാന്റ് സർവ്വെ, സി സി ടി വി ടെക്നോളജീസ് എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. ഏത് പ്രായക്കാർക്കും വേക്കേഷൻ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, രണ്ടാംനില, സാന്റോ കോംപ്ലക്സ്, റെയിൽവേ സ്റ്റേഷൻ റോഡ്, പെട്രോൾ പമ്പ് ജംഗ്ഷൻ, ആലുവ വിലാസത്തിലോ 8136802304 നമ്പറിലോ ബന്ധപ്പെടാം.

# 'ഹിഗ്വിറ്റ' മാർച്ച് 31ന് തിയേറ്ററുകളിലേക്ക്




**കൊച്ചി:** മലയാള സിനിമയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട 'ഹിഗ്വിറ്റ' ഇനി തിയേറ്ററുകളിലേക്ക്. സിനിമാ സാഹിത്യ മേഖലയിൽ വാദ പ്രതിവാദങ്ങൾ ഒരു സിനിമയുടെ പേരിൽ രൂക്ഷമായി നടന്നത് ഇതാദ്യം ആയിരുന്നു. സിനിമയുടെ പേര് വിവാദമായതിന്റെ പേരിൽ ചിത്രത്തിന്റെ റിലീസിനു തടസം നേരിട്ടിരുന്നു. കാത്തിരിപ്പുകൾക്കൊടുവിൽ സുരാജ് വെഞ്ഞാറമ്മൂടും ധ്യാൻ ശ്രീനിവാസനും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന പൊളിറ്റിക്കൽ ത്രില്ലർ ചിത്രം ഹിഗ്വിറ്റ മാർച്ച് 31 ന് തിയേറ്ററുകളിലെത്തുകയാണ്. ചിത്രത്തിന്റെ റിലീസിനു മുന്നേ തീപ്പൊരിപാറിച്ച ചർച്ചകൾ നടന്ന ഹിഗ്വിറ്റ തിയേറ്ററുകളിലും പ്രേക്ഷകനെ ത്രില്ലടിപ്പിക്കുമെന്നുറപ്പാണ്. സെക്കന്റ് ഹാഫ് പ്രൊഡക്ഷൻസിന്റെ ബാനറിൽ പൂർത്തിയായ ഹിഗ്വിറ്റയുടെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് നവാഗതനായ ഹേമന്ദ് ജി നായരാണ്. ബോബി തര്യനും സജിത് അമ്മയുമാണ് ചിത്രത്തിന്റെ നിർമ്മാണം.കേരളത്തിൽ ഡ്രീം ബിഗ് ഫിലിംസും ജി.സി.സിയിൽ പാർസ് ഫിലിംസുമാണ് ചിത്രം വിതരണത്തിനെത്തിക്കുന്നത്.സുരാജ് വെഞ്ഞാറമൂട്, ധ്യാൻ ശ്രീനിവാസൻ, മനോജ് കെ ജയൻ, ഇന്ദ്രൻസ്, സങ്കീർത്തന തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളിൽ എത്തുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ഫാസിൽ നാസറും എഡിറ്റിങ്ങ് പ്രസീദ് നാരായണനുമാണ്. സംഗീതം രാഹുൽ രാജും പശ്ചാത്തല സംഗീതം ഡോൺ വിൻസന്റും നിർവഹിക്കുന്നു. വാർത്താ പ്രചാരണം : പി ആർ ഓ പ്രതീഷ്

# ബ്രഹ്മപുരം ആരോഗ്യ പ്രശ്നങ്ങൾ വിദഗ്ധ സമിതി പഠിക്കും: മന്ത്രി വീണാ ജോർജ്

## ആരോഗ്യ സർവേ ആരംഭിച്ചു, 1576 പേരുടെ വിവരങ്ങൾ ശേഖരിച്ചു



**തിരുവനന്തപുരം:** ബ്രഹ്മപുരത്തെ സംബന്ധിച്ചുള്ള ഹ്രസ്വവും ദീർഘവുമായ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് വിദഗ്ധ സമിതി പഠനം നടത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സമഗ്ര റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പിലെ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച് സംസ്ഥാനത്തേയും പുറത്തേയും വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരുമായി ചർച്ച നടത്തി. പുക ശ്വസിച്ച് മരണമുണ്ടായതായി പരാതിയുള്ള സംഭവത്തിൽ ഡെത്ത് ഓഡിറ്റ് നടത്തുമെന്ന് മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മന്ത്രി മന്ത്രി മറുപടി നൽകി. മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.പ്രതിപക്ഷ നേതാവ് അവാസ്തവമായ കാര്യങ്ങൾ ആവർത്തിക്കുന്നത് നിർഭാഗ്യകരമാണ്. കൊച്ചിയിൽ ഒരാരോഗ്യ പ്രശ്നവുമില്ല എന്ന് താൻ പറഞ്ഞതായി അദ്ദേഹം പറയുന്നത് തീർത്തും തെറ്റായ കാര്യമാണെന്നും മന്ത്രി പറഞ്ഞു.ബ്രഹ്മപുരം തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ വായു മലീനികരണമുണ്ടായ സ്ഥലങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ആരോഗ്യ സർവേ ആരംഭിച്ചു. ഇന്ന് വൈകുന്നേരം വരെ 1576 പേരുടെ വിവരങ്ങളാണ് ശേഖരിച്ചത്. ഇതിൽ 13 ഗർഭിണികൾ, 10 കിടപ്പ് രോഗികൾ, 501 മറ്റ് അസുഖങ്ങൾ ഉള്ളവർ എന്നിവർ ഉൾപ്പെടുന്നു.ആരോഗ്യ സർവേ നടത്തുന്ന ആശ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി പൂർത്തിയായി. മൂന്ന് ട്രെയിനിങ് പ്രോഗ്രാമുകളിലായി 148 ആശ പ്രവർത്തകർക്ക് ഇന്ന് പരിശീലനം നൽകി. ഇതോടെ രണ്ടു ദിവസങ്ങളിലായി 350 ആശ പ്രവർത്തകർക്ക് പരിശീലനം നൽകി. നിലവിൽ സഹായം ആവശ്യമുള്ളവരെ ഉടൻ കണ്ടെത്തി സേവനങ്ങൾ നൽകുന്നതിനും കിടപ്പ് രോഗികൾ, ഗർഭിണികൾ, മറ്റ് ഗുരുതര അസുഖങ്ങൾ ഉള്ളവർ തുടങ്ങിയ കൂടുതൽ ശ്രദ്ധ ആവശ്യമായ ആളുകളെ കണ്ടെത്തി തുടർ നിരീക്ഷണങ്ങളും സേവനങ്ങളും നൽകുന്നതിനാണ് വിവരശേഖരണം നടത്തുന്നത്.എറണാകുളം കാക്കനാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ സ്പെഷ്യാലിറ്റി റെസ്പോൺസ് സെന്റർ പ്രവർത്തനമാരംഭിച്ചു. വിവിധ മെഡിക്കൽ കോളേജുകളിലെ മെഡിസിൻ, പൾമണോളജി, ഓഫ്ത്താൽമോളജി, പിഡിയാട്രിക്, ഡെർമറ്റോളജി എന്നീ വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു. എക്സ്റേ, അൾട്രാസൗണ്ട് സ്കാനിംഗ്, എക്കോ, കാഴ്ചപരിശോധന എന്നീ സേവനങ്ങൾ ലഭ്യമാണ്. ഇതിനു പുറമെ, എല്ലാ അർബൻ ഹെൽത്ത് സെന്ററുകളിലും ശ്വാസ് ക്ലിനിക്കുകളും പ്രവർത്തനമാരംഭിച്ചു.ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലുള്ള 6 മൊബൈൽ യൂണിറ്റുകൾ ഇന്ന് മുതൽ പ്രവർത്തനം ആരംഭിച്ചു. ഈ മൊബൈൽ യൂണിറ്റുകളിലൂടെ 544 പേർക്ക് സേവനം നൽകി.

വനിത അന്താരാഷ്ട്ര ചലച്ചിത്രമേള

# ആദ്യ ദിനത്തിൽ സ്ത്രീകളുടെ രാത്രിയാത്രയും

**ആലപ്പുഴ:** നാലാമത് വനിത അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഭാഗമായി ആലപ്പുഴ നഗരസഭയുടെയും ചലച്ചിത്ര അക്കാദമിയുടെയും ആഭിമുഖ്യത്തിൽ സ്ത്രീകൾക്കായി രാത്രിയാത്ര സംഘടിപ്പിക്കും. മാർച്ച് 17,18,19 തിയ്യതികളിൽ കൈരളി, ശ്രീ തീയറ്ററുകളിലായി നടക്കുന്ന മേള ജില്ലയിലെ സ്ത്രീകൾ ഏറ്റെടുക്കുന്നതിന്റെ വിളംബരമായാണ് രാത്രി നടത്തം ഒരുക്കുന്നത്. ആദ്യമായി ജില്ലയിൽ നടക്കുന്ന ചലച്ചിത്രമേള പുരുഷൻമാരും സ്ത്രീകളും ആവേശത്തോടെയാണ് ഏറ്റെടുത്തിട്ടുള്ളത്. ആദ്യ ദിവസം വൈകീട്ട് പ്രദർശിപ്പിക്കുന്ന ഉദ്ഘാടന ചിത്രമായ ബ്ലൂ കാഫ്താൻ കണ്ടിറങ്ങി സ്ത്രീകൾ ഒന്നിച്ച് കടപ്പുറത്തേക്ക് നടന്ന് അവിടെ ആട്ടവും പാട്ടുമായി ഒത്തുകൂടും. ഇത് സംബന്ധിച്ച് നഗരസഭ ഹാളിൽ ചേർന്ന യോഗം നഗരസഭ ചെയർപേഴ്സൺ സൗമ്യ രാജ് ഉദ്ഘാടനം ചെയ്തു. ആലപ്പുഴ നോർത്ത് സി.ഡി.എസ്. ചെയർപേഴ്സൺ സോഫിയ അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ബീന രമേശ്, ആർ. വിനീത, ജില്ല പഞ്ചായത്ത് അംഗം ആർ റിയാസ്, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) എച്ച്. ഷാജി, കുടുംബശ്രീ എ.ഡി.എം.സി. എം.ജി. സുരേഷ് തുടങ്ങിയവർ സംസാരിച്ചു.

# മൂർച്ചയേറിയ നിരീക്ഷണാവതരണവുമായി ബിനാലെയിൽ മിത്ര കമലം



**കൊച്ചി:** യാഥാസ്ഥിതിക ചുറ്റുപാടിൽ തനിക്ക് വ്യവസ്ഥ ചെയ്യപ്പെട്ട വൃത്തത്തിൽ നിന്നുകൊണ്ട് സ്ത്രീയുടെ കാഴ്ചപ്പാടിലൂടെ അത്യന്തം കഷ്ടമേറിയ സംഭവങ്ങളെ നിരീക്ഷിക്കുകയും പുനരാഖ്യാനം ചെയ്യുകയുമാണ് ബിനാലെയിൽ യുവ മലയാളി ചിത്രകാരി മിത്ര കമലം. കാഴ്ചക്കാരിലേക്ക് കൈമാറ്റം ചെയ്യുന്ന മിത്ര കമലത്തിന്റെ വേറിട്ട നിഗമനങ്ങൾ ചിന്തോദ്ദീപകം. പെയിന്റിംഗുകളും ശിൽപ ഇൻസ്റ്റലേഷനുകളും കൊണ്ടു തീർത്ത 'കറക്റ്റീവ് മെഷേഴ്സ്' പരമ്പരയിലെ ആവിഷ്കാരം അതിന്റെ വിന്യാസത്താലും വേറിട്ട് നിൽക്കുന്നു.പതിനാറാം നൂറ്റാണ്ടിൽ ജാൻ ഹ്യൂഗൻ വാൻ ലിൻഷോട്ടൻ എന്ന ഡച്ച് ഇല്ലസ്ട്രേറ്റർ ചെയ്ത 'സതി' വിഷയമായ പെയിന്റിംഗിനെ ആസ്പദമാക്കുന്നതാണ് മിത്ര കമലത്തിന്റെ ബിനാലെ അവതരണം. 'ഉള്ളിൽ പരുവപ്പെടുന്ന ആശയങ്ങളുടെ പ്രകാശനത്തിന് ചരിത്രത്തിലെ മൂലരൂപ പ്രതിപാദ്യങ്ങളും ആധികാരിക പരാമർശങ്ങളും പ്രമാണങ്ങളും സാഹിത്യ രചനകളും അവലംബിക്കാറുണ്ട്. പാരമ്പര്യത്തിന്റെ സ്വാധീനവും വിവരണാത്മക ഭാഷയും മിനിയേച്ചർ പെയിന്റിംഗും തന്റെ ശൈലിയാണ്. ആത്മകഥാംശമുള്ളതാണ് പല സൃഷ്ടികളും. അതുമായി അനുരണനം ചെയ്യുന്ന പ്രാമാണിക, ചരിത്ര, സാഹിത്യ പരാമർശങ്ങൾ ആഖ്യാനത്തിന് പ്രയോജനപ്പെടുത്തുന്നു' മിത്ര കമലം വിശദമാക്കി.കളിമണ്ണ്, ഫോട്ടോഗ്രാഫുകൾ, മൊണ്ടാഷുകൾ തുടങ്ങി പരീക്ഷണാത്മകമായവ ഉൾപ്പെടെ പല മാധ്യമങ്ങളിലും ഉള്ള ആവിഷ്കാരങ്ങളും പെയിന്റിംഗുകളും സ്വന്തം നിലയ്ക്ക് ഒറ്റയ്ക്കൊറ്റയ്ക്കും എല്ലാം കൂടെ ഒരുമിച്ച് ഒരൊറ്റ ഇൻസ്റ്റലേഷൻ എന്ന നിലയ്ക്കും സംവദിക്കുന്നു. 'സതി' കലാപരമായി കൈകാര്യം ചെയ്യുമ്പോൾ തീയിലേക്കുള്ള ചാട്ടം അഥവാ പതനം എന്ന ആശയത്തിൽ ചിത്രകാരി ഊന്നുന്നു. വീഴ്ച എന്നത് സ്വയം നാശവും സ്വന്തം ശരീരത്തിൽ അധികാരമില്ലാത്ത അവസ്ഥയുമാണെന്നാണ് മിത്ര കമലം ചൂണ്ടിക്കാട്ടുന്നത്. പ്രകൃതി ഫൗണ്ടേഷനും ഇന്ത്യൻ ആർട്ട് ഫെയറിന്റെയും പിന്തുണ ബിനാലെ അവതരണത്തിനുണ്ട്. കോഴിക്കോട് താമസിക്കുന്ന മിത്ര കമലം തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നിന്ന് ചിത്രകല ബിരുദവും ബറോഡ എം എസ് സർവ്വകലാശാലയിൽ നിന്ന് ദൃശ്യ കലയിൽ സ്വർണ്ണമെഡലോടെ ബിരുദാനന്തര ബിരുദവുമെടുത്തു. ഫോർട്ട്കൊച്ചി ആസ്പിൻവാൾ ഹൗസിലാണ് മിത്ര കമലത്തിന്റെ സൃഷ്ടിയുടെ പ്രദർശനം.

